ഏപ്രിൽ 2023

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ





ആരെയും
ആകർഷിക്കുന്ന
3
ഓഫറുകൾ
ഏറ്റവും കുറഞ്ഞ
പലിശ നിരക്ക്
ഞൊടി ഇടയിൽ പണം
നിങ്ങളുടെ കയ്യിൽ
തികച്ചും സുരക്ഷിതവും
സുതാര്യവുമായ
ഇടപാടുകൾ
കുറഞ്ഞ ലാഭം
കൂടിയ അംഗീകാരം
CHERUPUSHPAM
GOLD LOAN
Olarikkara, Pullazhi P.O,Thrissur 680012
Ph 2360846,2360202,2365890
Customer Care : 8547667788,8547778899
ജോളി സ്റ്റീഫൻ
ഡോ : ജോയ് ആന്റോ

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com

പുസ്തകം 29
ഏപ്രിൽ 2023
ലക്കം 4

## ഈ ലക്കത്തിൽ


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഇടയശബ്ദം | 03 |
| വിശുദ്ധവാര കർമ്മങ്ങൾ | 05 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 06 |
| കേന്ദ്ര കുടുംബകൂട്ടായ്മ വാർത്തകൾ | 07 |
| ഓർമ്മിക്കുക ആചരിക്കുക | 07 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 08 |
| വിശ്വാസ പരിശീലന വാർത്തകൾ | 10 |
| സെമിത്തേരികളെ സംബന്ധിച്ച നിയമാവലി | 12 |
| അറിയിപ്പ് | 19 |
| വിശ്വാസ വഴിയിലെ സംശയങ്ങൾ | 20 |
| കുടുംബകൂട്ടായ്മ മീറ്റിംഗ് സമയക്രമം | 21 |
| നിയമാവബോധം | 22 |
| യാത്രാവിവരണം | 23 |
| സ്നേഹസ്പർശനം | 25 |
| പാലയൂർ മഹാ തീർത്ഥാടനം | 27 |
| സൗജന്യ മെഡിക്കൽ ക്യാമ്പ് | 28 |
| ഹെൽത്ത് കോർണർ | 29 |
| സ്നേഹം | 31 |
| ക്രിസ്തുമസ് | 32 |
| കുടുംബം എന്റെ കാഴ്ചപ്പാടിൽ | 33 |
| വി. ഗീവർഗ്ഗീസ് | 36 |
| ബൈബിൾ ക്വിസ് | 37 |
| ഞങ്ങൾ യാത്രയായി | 39 |
| ഇടവകയിലേയ്ക്ക് വന്നവർ | 39 |
| ഇടവകയിൽനിന്ന് മാറി പോയവർ | 39 |
| ചായക്കൂട്ട് മത്സരം | 40 |


## പത്രാധിപസമിതി


<u>ചീഫ് എഡിറ്റർ</u>
ഫാ. **ജെയ്സൻ പുന്നശ്ശേരി** +91 9526131319

<u>മാനേജിംഗ് എഡിറ്റർ</u>
ശ്രീ. **ജേക്കബ് തോലത്ത്** +91 9495565910

<u>അസോസിയേറ്റഡ് എഡിറ്റേഴ്സ്</u>
ശ്രീമതി. **ഗ്രേസി ജോണി വടക്കേത്തല** +91 8129978716
ശ്രീ. അഡ്വ. **നെറ്റോ നെല്ലിശ്ശേരി** +91 9847970504

<u>ട്രഷറർ</u>
ശ്രീമതി **ത്രേസ്യാമ്മ ജേക്കബ് തോലത്ത്** +91 7306711871

<u>എഡിറ്റോറിയൽ മെമ്പേഴ്സ്</u>
റവ. സി. **കാതറിൻ CHF** +91 9497301738
ശ്രീ. **ജെയ്സൺ കൂള** +91 9495062073
ശ്രീ. **ടോണി തരകൻ** +91 9447728883
ശ്രീ. **ജെയിംസ് കളപുരയ്ക്കൽ** +91 9847551115
ശ്രീ. **ജോഫിൻ കൊളങ്ങര** +91 8943554456
ശ്രീ. **ജോർജ്ജ് കൈപ്പറമ്പിൽ** +91 9447458560
ശ്രീ. **ഫ്രാൻസീസ് അറങ്ങാശ്ശേരി** +91 9847484720
ശ്രീമതി **സ്റ്റാർലിൻ വർഗ്ഗീസ്** +91 9496093192

<u>എക്സ് ഒഫിഷ്യോ മെമ്പർമാർ</u>
ശ്രീ. **മേജോ കെ.ജെ** +91 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി **ജോർലിൻ ജോഷി** +91 9544962005
(കേന്ദ്രസമിതി സെക്രട്ടറി)

നടത്തുകൈക്കാരൻ
ശ്രീ. **അഗസ്റ്റിൻ തരകൻ** +91 9544055315


## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 9.45 a.m**

നടത്തുകൈക്കാരൻ
ശ്രീ. **അഗസ്റ്റിൻ തരകൻ**
+91 9544055315

## പള്ളി ഓഫീസ് സമയം

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m.<br>6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

കപ്യാർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ

## സ്വർണ്ണമെങ്ങനെ മങ്ങിപ്പോയി തങ്കത്തിനെങ്ങനെ മാറ്റം വന്നു.

ദൈവത്തിൽനിന്ന് അകന്നുപോയാൽ ഉള്ള അവസ്ഥയെയാണിത് സൂചിപ്പിക്കുന്നത്. സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച ദൈവത്തിന് മാത്രമേ നമ്മെ വീണ്ടെടുക്കാനാവൂ. ഓരോ തപസ്സുകാലവും ഈസ്റ്ററും നമ്മെ മാറ്റുരച്ചു തിളക്കമാർന്ന സ്വർണവും തങ്കവുമാക്കുന്ന സമയമാണ്. ദൂതൻ പറയുന്നില്ലേ "ക്രൂശിക്കപ്പെട്ട യേശുവിനെയാണ് നിങ്ങൾ അന്വേഷിക്കുന്നത് എന്നെനിക്കറിയാം. അവനിവിടെയില്ല. അവൻ ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു. മാലാഖയുടെ വാക്കുകളിലെ സൂചന ഉത്ഥിതനായവൻ ഇപ്പോഴും തന്റെ സ്വയം ദാനത്തിന്റെ സ്ഥിരമായ ഭാവത്തിൽ തന്നെയാണ് എന്നാണ്."

നിയമപുസ്തകത്തിലെ അക്ഷരങ്ങളിൽ കുടുങ്ങി കിടക്കുന്നതിനാൽ നിയമജ്ഞരും ഫരിസേയരും യേശുവിനെ കണ്ടുമുട്ടുന്നിടത്തെല്ലാം നിയമത്തെച്ചൊല്ലി തർക്കിക്കുന്നത് വായിക്കുന്നില്ലേ. നിയമം പാലിച്ചു എന്നതിനാലാണ് അവർ ഊറ്റം കൊള്ളുന്നത്. സ്നേഹം എത്ര മാത്രം ബലികഴിക്കപ്പെട്ടാലും അവർക്കതു പ്രശ്നമല്ല. പരുഷമായ വാക്കുകളാൽ യേശു അവരെ നേരിടുന്നുണ്ട്. അവിടുത്തെ പരീക്ഷിക്കാൻ വേണ്ടിയാണ് അവർ വ്യഭിചാരിണിയെ കല്ലെറിഞ്ഞ് കൊല്ലേണ്ടതിന് അവിടുത്തെ മുമ്പിൽ ഹാജരാക്കിയത്. മോശയുടെ നിയമമനുസരിച്ച് ഇവളെ കല്ലെറിഞ്ഞു കൊല്ലണം. നീ എന്തു പറയുന്നു - അതാണവരുടെ ചോദ്യം.

നിയമത്തിനും കല്പനകൾക്കും ഉപരിയായി ജീവന്റെ നിയമമാണ് അവൻ അവിടെ നടപ്പിലാക്കിയത്. ഒരുവേള തന്റെ പെറ്റമ്മയെയും ഈശോ അപ്പോൾ ഓർത്തുകാണും. നിരപരാധിയായ അവളെയും ഈ കൂട്ടരുടെ നിയമവലയത്തിൽ പെട്ടുപോകുമായിരുന്നില്ലേ? ദൈവനിശ്ചയം അതല്ലല്ലോ. ഫരിസേയർക്ക് നിയമം ഒരു മതിൽ മാത്രം. ഈശോയ്ക്കാകട്ടെ അതൊരു വാതിലും - മലർക്കെ തുറക്കാനും അടയ്ക്കാനുമുള്ള വാതിൽ അനുതപിച്ച സുവിശേഷത്തിൽ വിശ്വസിക്കുവിൻ എന്ന സന്ദേശം ഓരോ പ്രഭാതത്തിലും വിടരുന്ന ദൈവത്തിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹവും കാരുണ്യവും നമ്മെ നയിക്കട്ടെ. തങ്ങളുടെ പാപം കാലത്തിന് വിട്ടുകൊടുത്തു രക്ഷപ്പെട്ടവരാണ് സക്കേവൂസും ധൂർത്തപുത്രനും; അതും അനുതാപത്തിലൂടെ.

വേഗമേറിയ ഈ സൈബർയുഗത്തിൽ 'ഈഗോ' വെടിഞ്ഞ് ദൈവം നമുക്കു ദാനമായി തന്ന കഴിവും സമയവും അപരനുമായി പങ്കുവയ്ക്കാം. ആത്മശുദ്ധീകരണത്തിന്റെ ഊർജം നമുക്ക് കാത്തുസൂക്ഷിക്കാം.

ഏവർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ നേരുന്നു.

**- പത്രാധിപസമിതി**

# ഇടയശബ്ദം



പ്രിയമുള്ളവരേ,

ആഗതമാകുന്ന വലിയ ആഴ്ചയിലേക്ക് വിശുദ്ധമായി പ്രവേശിക്കാനും കർത്താവിന്റെ പാടുപീഢകളുടെ കൃപയും നിറച്ച് നിങ്ങൾക്കുണ്ടാകട്ടെ എന്നാശംസിക്കുന്നു.

നാം ദൈവത്തിനായി ദാഹിക്കണം. നീർച്ചാൽ തേടുന്ന മാൻപേടയെപോലെ 'മനുഷ്യാത്മാവ് ആത്യന്തികമായി ദൈവത്തിനുവേണ്ടി ദാഹിക്കണം. ദൈവമൊഴികെ മറ്റെന്തൊക്കെ നേടിയാലും ഒന്നിലും സംതൃപ്തി കണ്ടെത്താൻ മനുഷ്യന് കഴിയുകയില്ല. "ദൈവമെ, അവിടുന്നാണെന്റെ ദൈവം; ഞാനങ്ങയെ തേടുന്നു. എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു. ഉണങ്ങിവരണ്ട ഭൂമിയെന്നപോലെ എന്റെ ശരീരം അങ്ങയെ കാണാതെ തളരുന്നു." (സങ്കീ. 63:1). വിശുദ്ധ ആഗസ്തിനോസ് പറയുന്നു "ദൈവമെ നീയെന്നെ നിനക്കായി സൃഷ്ടിച്ചു. നിന്നിൽ മാത്രം ഞാൻ സംതൃപ്തി കണ്ടെത്തും" എന്ന്. ദൈവത്തോടൊന്നായിച്ചേരാനുള്ള മനുഷ്യമനസ്സിന്റെ ആത്മദാഹത്തെയാണീ വാക്കുകളിൽ പ്രകടമാകുക. "സ്വർഗ്ഗത്തിൽ അങ്ങല്ലാതെ ആരാണ് എനിക്കുള്ളത്? ഭൂമിയിലും അങ്ങയെ അല്ലാതെ ഞാനാരെയും ആഗ്രഹിക്കുന്നില്ല. എന്റെ ശരീരവും മനസ്സും ക്ഷീണിച്ചുപോയേക്കാം. എന്നാൽ ദൈവമാണ് എന്റെ ബലം; അവിടുന്നാണ് എന്നേയ്ക്കുമുള്ള എന്റെ ഓഹരി." (സങ്കീ. 73:25).

അവിടുത്തെ തിരുശരീരവും രക്തവുമാണ് നമ്മുടെ ആത്മീയ വിശപ്പിനെ ശമിപ്പിക്കാനുള്ള ഏറ്റവും ഉദാത്തമായ മാർഗ്ഗം. യോഹന്നാൻ 6:35ൽ പറയുന്നു "ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുക്കൽ വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല." ദിവ്യകാരുണ്യനാഥനായ ഈശോ നമ്മുടെ വിശപ്പും ദാഹവും ശമിപ്പി

ക്കട്ടെ. ഉത്ഥിതനായ ക്രിസ്തുവിൽ ആശ്രയിച്ച് നമ്മുടെ ജീവിതം മുന്നോട്ടു കൊണ്ടുപോകാം.

വേനലവധിക്കാലത്തിലേക്ക് നമ്മുടെ കുഞ്ഞുങ്ങൾ പ്രവേശിക്കുകയാണല്ലോ. പഠനത്തിന് ഏതാനും നാളുകൾ അവധിയാണെങ്കിലും വിശ്വാസം പരിശീലിക്കുന്നതിലും ആചരിക്കുന്നതിലും അവധി ഉണ്ടാകാതിരിക്കട്ടെ. ദൈവവിളിക്യാമ്പിൽ പങ്കെടുപ്പിക്കാനും മതബോധന കുട്ടികളുടെ ക്യാമ്പിൽ ഏപ്രിൽ 10, 11, 12 ദിവസങ്ങളിൽ കുഞ്ഞുങ്ങളെ (5 മുതൽ ACC വരെയുള്ള കുട്ടികളെ) ദേവാലയത്തിലേക്ക് പറഞ്ഞുവിടാനും മറക്കരുത്. ഈശോയെ ആദ്യമായി സ്വീകരിക്കാൻ ഒരുങ്ങുന്ന കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാനും മറക്കരുത്. മെയ് 1 നാണ് ആദ്യകുർബ്ബാന സ്വീകരണം. ഏപ്രിൽ 23 നാണല്ലോ ഇടവകദിനാഘോഷം. നമുക്കൊരുമിച്ച് ഇടവകയുടെ ഉന്നമനത്തിനായി പരിശ്രമിക്കാം.

ഒത്തിരി സ്നേഹത്തോടെ,

**ജെയ്സനച്ചൻ**

## അറിയിപ്പുകൾ

ഏപ്രിൽ 14, 15 തിയ്യതികളിൽ രാവിലെ 9.00 മുതൽ വൈകീട്ട് 4.00 വരെ ആൺകുട്ടികൾക്ക് Madona Seminariയിലും ഏപ്രിൽ 15 ന് പെൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പ് DBCLC യിലും ഉണ്ടായിരിക്കുന്നതാണ്.

ഏപ്രിൽ 10,11, 12 ഇടവകയിലെ 5 മുതൽ ACC വരെയുള്ള ആൺ+പെൺ കുട്ടികൾക്കായുള്ള ക്യാമ്പ് ഇടവക പള്ളിയിൽ നടത്തപ്പെടുന്നു.

മെയ് 1 ന് പ്രഥമ ദിവ്യകാരുണ്യസ്വീകരണം 9.00 am ന്

മെഡിക്കൽ ക്യാമ്പ് ഏപ്രിൽ 23 ന് രാവിലെ 8.00 മുതൽ 12.00 വരെ. തൃശ്ശൂർ മിഷൻ മെഡിക്കൽ കോളേജിൽ ട്രീറ്റ്മെന്റ് എടുത്തവർ ഒ.പി. ടിക്കറ്റ് നമ്പർ കൊണ്ടുവരേണ്ടതാണ്.

ഇടവകദിനാഘോഷം ഏപ്രിൽ 23 ന് 6.00 pm ന്

# വിശുദ്ധവാര കർമ്മങ്ങൾ

**ഏപ്രിൽ 2 ഓശാന ഞായർ**

6: 30 am : ദിവ്യബലി, കുരുത്തോല പ്രദക്ഷിണം

4.30 to 6 pm : കുമ്പസാരം

5 : 30 pm : ദിവ്യബലി, കുരിശിന്റെ വഴി

**ഏപ്രിൽ 6 പെസഹാ വ്യാഴം**

6: 30 am : ദിവ്യബലി, കാലുകഴുകൽ ശുശ്രൂഷ

തുടർന്ന് ആരാധന

***ആരാധനക്ക് നേതൃത്വം വഹിക്കുന്നത്***

9 - 10 am : സെന്റ് ജോസഫ്, സെന്റ് ആന്റണീസ്

10 - 11 am : ലിറ്റിൽ ഫ്ളവർ, സെന്റ് മേരീസ്

11 - 12 am : സെന്റ് അൽഫോൻസ, ഹോളി ഫാമിലി

12 - 1 pm : ഹോളി ട്രിനിറ്റി, ക്രിസ്തുരാജ

1 - 2 pm : സെന്റ് തോമസ്, സെന്റ് സേവ്യർ

2 - 3 pm : സെന്റ് പോൾസ്, സെന്റ് പീറ്റേഴ്സ്

3 - 4 pm : സെന്റ് ജോൺസ്, മഡോണ

4 - 5 pm : സെന്റ് സെബാസ്റ്റ്യൻ, സി.എൽ.സി., മാതൃവേദി, എ.കെ.സി.സി.

5 - 6 pm : ലീജിയൻ ഓഫ് മേരി, ഫ്രാൻസിസ്കൻ അല്മായ സഭ, KCYM

6 - 7 pm : വിൻസെന്റ് ഡി പോൾ, പ്രാർത്ഥന ഗ്രൂപ്പ്, ഗായക സംഘം etc.

7 - 8 pm : പൊതു ആരാധന

**ഏപ്രിൽ 7 ദുഃഖവെള്ളി**

6: 30 am : പീഢാനുഭവ വായന, ദിവ്യകാരുണ്യപ്രദക്ഷിണം

5 : pm : നഗരി കാണിക്കൽ തുടർന്ന് സന്ദേശം

**ഏപ്രിൽ 8 ദുഃഖശനി**

6: 30 am : ദിവ്യബലി, ജ്ഞാനസ്നാനവ്രതനവീകരണം

**ഏപ്രിൽ 9 ഉയിർപ്പു ഞായർ**

ശനി രാത്രി 11:30 : ഉയിർപ്പു കർമ്മങ്ങൾ, തുടർന്ന് ദിവ്യബലി

ഞായർ 6: 30 am : ദിവ്യബലി

9.45 am ന് ദിവ്യബലി ഉണ്ടായിരിക്കുന്നതല്ല

**വികാരി**

## 19.03.2023 തിയ്യതിയിലെ
## പ്രതിനിധിയോഗം തീരുമാനങ്ങൾ

1. ഡിസംബർ (2022) ജനുവരി, ഫെബ്രുവരി (2023) മാസങ്ങളിലെ കണക്കുകൾ വായിച്ചു പാസ്സാക്കി.
2. ഇടവകയുമായി ബന്ധപ്പെട്ട ചാരിറ്റി/സഹായം ചെയ്യുന്നുണ്ടെങ്കിൽ വ്യക്തികളുടെ പേര് നിർദ്ദേശിക്കാതെ വിശദാംശങ്ങൾ പള്ളി പാരിഷ് ബുള്ളറ്റിൻ 'മരിയനാദം' ത്തിൽ പള്ളിയിൽനിന്നും സംഘടനകളിൽ നിന്നും നൽകുന്ന സഹായങ്ങൾ പബ്ലിഷ് ചെയ്യണം എന്ന് തീരുമാനിച്ചു.
3. കുടുംബസമ്മേളന കേന്ദ്രസമിതിയും യൂണിറ്റുകളും ഏകോപനസമിതിയും സംഘടനകളും മതബോധന പി.ടി.എ യും ഉൾപ്പെടുത്തി 23.04.2023 ഇടവകദിനം നടത്താനും ഇതോടനുബന്ധപ്പെട്ട 'മെഡിക്കൽ ക്യാമ്പ്' നടത്താനും യുവജനദിനം നടത്താനും തീരുമാനിച്ചു. 4.30 pm വിശുദ്ധ കുർബാനയും തുടർന്ന് 5.30 pm പൊതുയോഗവും നടത്താൻ തീരുമാനിച്ചു. 3 ലക്ഷം രൂപ അനുവദിച്ചു.
4. ഇടവക കുടുംബഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിച്ചു. കുടുംബകാർഡ് ഡാറ്റാ പൂർത്തീകരിക്കുക.
5. ഇടവകപള്ളിയുടെ ചോർച്ച പരിശോധിക്കുവാനും മേൽക്കൂര നോക്കി കൂടുതൽ കേടുപാടുണ്ടെങ്കിൽ മാറ്റണമെന്നും Major പണി ആണെങ്കിൽ പള്ളി പുനർനിർമ്മാണം നടത്തേണ്ടെന്ന് തീരുമാനിച്ചു. പള്ളിയുടെ ചോർച്ച മാറ്റാൻ ചെലവ് പരിശോധിച്ച് ഉടനെ യുക്തമായ നടപടി എടുത്ത് പൂർത്തീകരിക്കുക.
6. പള്ളി ഷോപ്പിങ്ങ് കോംപ്ലക്സിൽ ഫസ്റ്റ് ഫ്ളോറിൽ സങ്കീർത്തനം കുറീസ് കെട്ടിടമുറിക്ക് 03-03-2022 മുതൽ നിലനിൽക്കുന്ന വാടകയിൽ നിന്നും 60% വർദ്ധനവും അഡ്വാൻസ് സംഖ്യ ഇപ്പോഴത്തെ തുടരണം എന്ന് തീരുമാനിച്ചു.
7. 'കൊട്ടികയറ്റം' അപേക്ഷ രൂപത അനുമതി നിഷേധിച്ച ഉത്തരവ് വികാരി അച്ചൻ വായിച്ചു.

8) സെന്റ് ജോസഫ് ഓഡിറ്റോറിയതിനു പിന്നിലായി ഒരു അടുക്കള നിർമിക്കാൻ തീരുമാനിച്ചു

9) സങ്കീർത്തനം അപേക്ഷയിന്മേൽ മറുപടി പള്ളിയിൽ നിന്ന് കൊടുക്കാൻ തീരുമാനിച്ചു

10) പള്ളി ഷോപ്പിംഗ് കോംപ്ലക്സ് ഫസ്റ്റ് ഫ്ളോറിൽ പുതിയ മുറി വാടകയ്ക്ക് കൊടുത്ത കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു

**പ്രതിനിധിയോഗ സെക്രട്ടറി, അഡ്വ. നെറ്റോ നെല്ലിശ്ശേരി**

# കേന്ദ്ര കുടുംബകൂട്ടായ്മ വാർത്തകൾ

**12 – 03 – 2023**

1. യുവജനദിനം, ഇടവകദിനം, മെഡിക്കൽ ക്യാമ്പ് 23 - 04 - 2023 - ൽ പൂർണ്ണ സഹകരണവും നേതൃത്വവും നൽകുവാൻ തീരുമാനിച്ചു.
2. നോമ്പുകാലം രണ്ട് ഘട്ടമായി പിരിക്കുവാൻ തീരുമാനിച്ചു.
3. ദശാംശ പിരിവ് പുനരാരംഭിക്കുവാൻ തീരുമാനിച്ചു.
4. ഒരു വർഷത്തേക്കുള്ള ( 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31) കൂട്ടായ്മ കളുടെ കർമ്മ പദ്ധതി തയ്യാറാക്കുവാൻ തീരുമാനിച്ചു.
5. ബെസ്റ്റ് യൂണിറ്റ് തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചു.
6. ഏപ്രിൽ 21 ന് എറണാകുളത്തേക്ക് 1400/- രൂപ ഇടാക്കി വിനോദ യാത്ര നടത്താൻ തീരുമാനിച്ചു.
7. പെസഹാവ്യാഴം അപ്പം മുറിക്കൽ മുൻ വർഷത്തിലേതുപോലെ നടത്തുവാൻ തീരുമാനിച്ചു.

**ജോർളിൻ ജോഷി, കേന്ദ്രസമിതി സെക്രട്ടറി**




## ഓർമ്മിക്കുക ആചരിക്കുക

## ഏപ്രിൽ 2023

| | | |
|---|---|---|
| 6.04.2023 | വ്യാഴം | പെസഹാവ്യാഴം |
| 7.04.2023 | വെള്ളി | മാസാദ്യവെള്ളി; ദുഃഖവെള്ളി |
| 08.04.2023 | ശനി | ദുഃഖശനി |
| 09.04.2023 | ഞായർ | ഈസ്റ്റർ (ഒന്നാം ഞായർ) |
| 13.04.2023 | വ്യാഴം | വി. മാർട്ടിൻ പാപ്പ |
| 16.09.2023 | ഞായർ | മലയാറ്റൂർ തിരുനാൾ (പുതുഞായർ) |
| 17.04.2023 | തിങ്കൾ | വി. അനിസെത്തൂസ് പാപ്പ |
| 19.04.2023 | ബുധൻ | വി. ലിയോ ഒമ്പതാമൻ |
| 20.04.2023 | വ്യാഴം | വി. ആഗ്നസ് |
| 22.04.2023 | ശനി | വി. കായൂസ് പാപ്പ |
| 23.04.2023 | ഞായർ | ഉയിർപ്പ് 3-ാം ഞായർ, വി. ജോർജ് |
| 24.04.2023 | തിങ്കൾ | വി. ഗീവർഗ്ഗീസ് |
| 27.04.2023 | വ്യാഴം | സിയന്നായിലെ വി.കത്രീന |

# കുടുംബകൂട്ടായ്മ വാർത്തകൾ

## ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മ

ലിറ്റിൽ ഫ്ളവർ യൂണിറ്റ് കുടുംബകൂട്ടായ്മ 3 മണിക്ക് ജോസ് പാലത്തിങ്കൽ ഭവനത്തിൽ പ്രാർത്ഥനയോടെ ആരംഭിച്ചു. ഗൃഹനാഥൻ സ്വാഗതം പറഞ്ഞു. ബഹുമാനപ്പെട്ട സിസ്റ്റർ കാതറിൻ ലൂക്കാ സുവിശേഷത്തിൽനിന്ന് സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ട്, ട്രഷറർ കണക്ക് അവതരിപ്പിച്ചു. ഏപ്രിൽമാസം കുട്ടികൂട്ടായ്മ ദിനമായി ആചരിക്കുന്നു. അതിന്റെ ഭാഗമായി ടൂർ പോകാൻ തീരുമാനിച്ചു. കുടുംബസമ്മേളനത്തിൽ വരാത്ത കുടുംബത്തിന് 50 രൂപ പിഴ ഈടാക്കുവാൻ തീരുമാനിച്ചത്, യൂണിറ്റിന് പണസമാഹരണത്തിനു വേണ്ടിയല്ല, പകരം കുടുംബസമ്മേളനത്തിൽ അംഗങ്ങളുടെ സജീവപങ്കാളിത്തം വർദ്ധിപ്പിക്കുവാൻ വേണ്ടിയാണ്. വെള്ളിയാഴ്ചകളിൽ കുരിശിന്റെ വഴി യൂണിറ്റിലെ അതിർത്തിയിൽനിന്ന് വടക്കെ കപ്പേളയിലേക്ക് നടത്തിക്കൊണ്ടിരിക്കുന്നു. യൂണിറ്റിലെ പരമാവധി അംഗങ്ങൾ പങ്കെടുക്കുന്നു. നോമ്പുകാലഘട്ടത്തിലെ ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി അനാഥശാല സന്ദർശിക്കുവാൻ തീരുമാനിച്ചു. ആഴ്ചയിലെ ഇടവകയിലെ കുരിശിന്റെ വഴിയുടെ ഭാഗമായി നേർച്ച കഞ്ഞി, മാങ്ങ അച്ചാർ ഉണ്ടാക്കിയ വനിതവിങ്ങിന് നന്ദി രേഖപ്പെടുത്തുന്നു. വനിതാദിനത്തിനോടനുബന്ധിച്ച് വനിതാദിനം മാർച്ച് 8 ന് Delson K. Davis വസതിയിൽ ആഘോഷിച്ചു. രാഷ്ട്രപതിയുടെ പോലീസ് മെഡൽ ജേതാവായ തൃശൂർ സൈബർ സെൽ എ.എസ്.ഐ ശ്രീമതി അപർണ്ണ ലവകുമാറിനെ വനിതാവിങ്ങ് കൂട്ടായ്മ ചേർന്ന് ആദരിക്കുകയും ചെയ്തു. സൈബർ സെൽ യൂണിറ്റിനെ കുറിച്ചും അതിന്റെ നിയമനടപടികളെക്കുറിച്ചും ക്ലാസ് എടുത്തു. തുടർന്ന് വനിതാ വിങ്ങ് നേതൃത്വത്തിൽ സ്വാദിഷ്ഠമായ വിഭവങ്ങൾ വീടുകളിൽ നിന്ന് തയ്യാറാക്കി കൊണ്ടുവന്ന് ഒരുമിച്ച് പങ്കുവച്ച് കഴിച്ചു. വനിതാദിനം കേക്ക് മുറിച്ച് ആഘോഷിച്ചു.

കുടുംബസമ്മേളനങ്ങൾ രജിസ്റ്റർ പ്രകാരം അതാത് മാസങ്ങൾ നടത്തുവാൻ തീരുമാനിച്ചു. കുടുംബസമ്മേളനം കഴിഞ്ഞാൽ രോഗികളെ സന്ദർശിക്കുവാൻ തീരുമാനിച്ചു. കുടുംബകൂട്ടായ്മ പാതിനോമ്പ് ആചരണത്തിന്റെ ഭാഗമായി ശ്രീ.ടോണി തരകന്റെ വീട്ടിൽ ആറ് മണിക്ക് അപ്പം മുറിക്കൽ ശുശ്രൂഷ നടത്തി. മാർച്ച് 19 വി. യൗസേപ്പിതാവിന്റെ മരണതിരുന്നാൾ ആനി ദേവസിയുടെ ഭവനത്തിൽ ആചരിച്ചു. മരിയനാദത്തിൽ വരുന്ന ചിത്രരചന, കഥാമത്സരങ്ങളിൽ കൂട്ടായ്മ അംഗങ്ങൾ പങ്കെടുക്കുവാൻ തീരുമാനിച്ചു. യോഗം 4.30 പ്രാർത്ഥനയോടെ അവസാനിച്ചു.

സെക്രട്ടറി, **സിജോ കൊളങ്ങര**



നാമഹേതുക (24.04.2023)

തിരുനാൾ

ആഘോഷിക്കുന്ന സ്നേഹ

ബഹുമാനപ്പെട്ട

വികാരിയച്ചന് ഇടവക മക്കളുടെ

സ്നേഹ നിർഭരമായ

**തിരുനാൾ ആശംസകൾ**

**പ്രാർത്ഥനാഹാരങ്ങൾ...**

# 10-ാം ചരമവാർഷികം

## 27.04.2023



### കരേരക്കാട്ടിൽ ഡേവിസ് ഭാര്യ

# അൽഫോൻസ

ജനനം : 09.08.1956
മരണം : 27.04.2013



സ്നേഹസ്മരണകളോടെ
**കുടുംബാംഗങ്ങൾ**

ലിറ്റിൽ ഫ്ളവർ യൂണിറ്റ്

# സെന്റ് തോമാസ് കുടുംബകൂട്ടായ്മ

19.03.2023 ന് സെന്റ് തോമാസ് കൂട്ടായ്മ മീറ്റിങ്ങ് നടത്തി. റവ. സി. രശ്മിയും സി. റോഷ്നിയും ആനിമേറ്റർമാരായി സന്നിഹിതരായിരുന്നു. മീറ്റിങ്ങിൽ എടുത്ത തീരുമാനങ്ങൾ ഇവയാണ്:

1. നോമ്പുകാലത്തെ വെള്ളിയാഴ്ചകളിലെ കുരിശിന്റെ വഴി പ്രാർത്ഥന കൂടുതൽ സജീവമാക്കാൻ ഇങ്ങനെ എല്ലാ നമ്പറിലുള്ളതും ചേർത്ത
2. നോമ്പുകാല പരിത്യാഗത്തിന്റെ ഭാഗമായി സ്വരൂപിച്ച കാരുണ്യനിധി 2 നിർദ്ധനർക്ക് കൊടുക്കുവാൻ...
3. തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന സ്മാരകമായ സിമിത്തേരി ശുചീകരിക്കാൻ...
4. ആരോഗ്യസംരക്ഷണത്തോടനുബന്ധിച്ച് പാർക്കിൽ ഒത്തുകൂടി വ്യായാമം ചെയ്യാൻ...
5. മനുഷ്യന്റെ അടിസ്ഥാന ആവശ്യമായ വിശപ്പകറ്റാൻ ഭക്ഷണപ്പൊതി ശേഖരിച്ച് പാവങ്ങൾക്ക് കൊടുക്കാൻ...
6. നമ്മുടെ കുടുംബങ്ങളിൽ നിന്നും വസ്ത്രങ്ങൾ ശേഖരിച്ച് പോപ്പ് പോൾ മേഴ്സി ഹോമിൽ എത്തിക്കാൻ...
7. നഗരസംസ്കാരത്തിന്റെ ഭാഗമായി നഷ്ടപ്പെട്ട അയൽപക്ക സൗഹൃദം സുദൃഢമാക്കാൻ തീരുമാനമെടുത്തു.
8. ഫീസ്റ്റ് പ്രമാണിച്ച് റവ. സി. റോഷ്നിയെ ആദരിച്ചു.

പ്രസിഡന്റ് നന്ദി പറഞ്ഞ് സമ്മേളനം പര്യവസാനിച്ചു.

**പ്രവർത്തന റിപ്പോർട്ട്**

പരിസര ശുചീകരണത്തിന്റെ ഭാഗമായി സെന്റ് തോമാസ് യൂണിറ്റ് 2023 മാർച്ച് 26-ാം തീയതി 4.30 മുതൽ 6.30 വരെ അയ്യന്തോൾ പള്ളിയിലെ സിമിത്തേരി ക്ലീൻ ചെയ്യുകയുണ്ടായി. വിജയകരമായി ഞങ്ങൾ ആ പദ്ധതി പൂർത്തീകരിച്ചു.



സെക്രട്ടറി

**അഡ്വ. വിജി സന്തോഷ്**



# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹമുള്ള അദ്ധ്യാപകരേ, മാതാപിതാക്കളേ, വിദ്യാർത്ഥികളേ,
ക്രൈസ്തവ വിശ്വാസത്തിലും ബോധ്യത്തിലും നമ്മുടെ മക്കളെ ആഴപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണല്ലോ നാം എല്ലാവർഷവും മധ്യവേനലവധിക്കാലത്ത് ദൈവദർശൻ ക്യാമ്പ് സംഘടിപ്പിക്കുന്നത്. കഴിഞ്ഞ മാസം സൂചിപ്പിച്ചിരുന്നത് പോലെ ഈ വർഷത്തെ നമ്മുടെ "ദൈവദർശൻ 2023" നടത്തുന്നത് ഏപ്രിൽ 10,11,12 (തിങ്കൾ, ചൊവ്വ, ബുധൻ) എന്നീ മൂന്ന് ദിവസങ്ങളിലാണ്. ഒന്നാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന എല്ലാ കുട്ടികളും നിർബന്ധമായും ത്യാഗപൂർവ്വം ഈ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ് എന്ന കാര്യം സ്നേഹമുള്ള എല്ലാ മാതാപിതാക്കളേയും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. 1-ാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് മേൽപറഞ്ഞ ദിവസങ്ങളിൽ കാലത്ത് 9 മണി മുതൽ 12.30 വരെയും അഞ്ചാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് കാലത്ത് 9 മണി മുതൽ വൈകീട്ട് 4 മണി വരെ ആയിരിക്കും ക്യാമ്പ് നടത്തപ്പെടുക. "ദൈവദർശൻ 2023" ക്യാമ്പിന്റെ വിജയത്തിനായി എല്ലാ അധ്യാപകരുടേയും മാതാപിതാക്കളുടേയും പരിപൂർണ്ണ സഹകരണം അഭ്യർത്ഥിക്കുന്നു.

ഏപ്രിൽ 22-ാം തിയ്യതി ശനിയാഴ്ച അതിരൂപതാ തലത്തിൽ നടത്തപ്പെടുന്ന 4-ാം ക്ലാസ് മുതൽ 11-ാം ക്ലാസ് വരെയുള്ള സ്കോളർഷിപ്പ് പരീക്ഷയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട എല്ലാ വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും പ്രത്യേകം അഭിനന്ദിക്കുന്നു. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ആ വിവരം അറിയിച്ചിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ നന്നായി പഠിച്ചൊരുങ്ങി അതിരൂപതാതലത്തിൽ ഉന്നതറാങ്ക് കരസ്ഥമാക്കുവാൻ നമ്മുടെ മക്കൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഒക്ടോബർ മാസത്തിലെ മിഷൻ സൺഡേ ദിനത്തിനോടനുബന്ധിച്ച് വിദ്യാർത്ഥികൾ സമാഹരിച്ച സോപ്പുകളും പുവർ ബോക്സിലൂടെ സമാഹരിച്ച പണവും

നാം മാർച്ച് 25-ാം തിയ്യതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 3.30ന് വടൂക്കരയിലുള്ള സ്നേഹരാം അഗതിമന്ദിരവും 5 മണിക്ക് പുല്ലഴിയിലുള്ള ക്രിസ്റ്റീന ഹോമും സന്ദർശിച്ച് അവർക്ക് നൽകുകയുണ്ടായി. 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളും മതാധ്യാപകരും ഈ സന്ദർശനത്തിൽ പങ്കെടുക്കുകയുണ്ടായി. പങ്കെടുത്ത എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും യൂണിറ്റിന്റെ നന്ദി സ്നേഹപൂർവ്വം രേഖപ്പെടുത്തുന്നു.

ഉത്ഥിതനായ യേശുനാഥനോടൊപ്പം വിശുദ്ധിയുടെ ശോഭയുള്ള പുതിയ മനുഷ്യൻ ഉണർന്ന് ഉയർന്ന് വരട്ടെ. അപ്പോൾ നമ്മുടെ ഈസ്റ്റർ ആഘോഷങ്ങൾ ഫലവത്താകും. ഏവർക്കും ഉയിർപ്പ് തിരുനാളിന്റെ മംഗളാശംസകൾ സ്നേഹപൂർവ്വം നേർന്നുകൊണ്ട്

**ഡോ. ജോയ് കരേരക്കാട്ടിൽ**

പ്രിൻസിപ്പാൾ.

## Expenditure - Jubilee Celebration of Fr Jaison Punnassery & Sr Catherine

| *Description* | *Amount* |
|---|---:|
| Stationary & Printing | 9085.00 |
| Transportation | 220.00 |
| Refreshments | 4535.00 |
| Flowers | 17020.00 |
| Sound | 11000.00 |
| Security | 2700.00 |
| Live Media, Thrissur -Live Streaming | 7000.00 |
| Stage & Decoration | 19000.00 |
| Chairs with Cover & Carpet | 4900.00 |
| Curtain & Hall Setting | 6500.00 |
| Ballon Arch | 2000.00 |
| Flex & Muthukuda | 7667.00 |
| Costume/Make up items for stage performance | 5560.00 |
| Photography - Jones Studio | 10000.00 |
| Lighting / Illumination - Finex Sound | 18010.00 |
| Gift - Mother Superior | 5000.00 |
| Food - Idavaka | 95000.00 |
| Memento - Two numbers | 2400.00 |
| **Total** | **227,597.00** |

**മേഫി ഡെൽസൻ**

കൺവീനർ

# സെമിത്തേരികളെ സംബന്ധിച്ച നിയമാവലി

**സൂചിക:**

a) പൗരസത്യസഭകളുടെ കാനോനസംഹിത (CCEO c.874)

b) കുഴിമാടങ്ങൾ, കല്ലറകൾ എന്നിവയെ സംബന്ധിച്ച സീറോ-മലബാർ സഭയുടെ പ്രത്യേക നിയമവും (പള്ളിയോഗ നടപടിക്രമങ്ങൾ, നമ്പർ 8:8) അതിരൂപതാനിയമവും (തൃശൂർ അതിരൂപതാ നിയമാവലി, അനുബന്ധം -1, പേജ് 10, 8:8)

c) ഇടവക സിമിത്തേരികളിലെ കല്ലറകളുടെ ഫീസും ഉപയോഗത്തിന്റെ കാലാവധിയും മറ്റും സംബന്ധിച്ച് ഐകരൂപ്യം ഉണ്ടാക്കുന്നതിന് ആവശ്യമായ പഠനം നടത്താൻ നിയോഗിക്കപ്പെട്ട കമ്മീഷന്റെ (No. 2733/08 dated 08-12-08) റിപ്പോർട്ട് (dated 31.03.09)

മേൽപ്പറഞ്ഞ രേഖകളുടെയും പഠനത്തിന്റെയും വെളിച്ചത്തിൽ, പൗരസ്ത്യ കാനൻനിയമത്തിനും സീറോ - മലബാർ സഭയുടെ പ്രത്യേക നിയമത്തിനും വിധേയമായി, അതിരുപതയിലുള്ള ഇടവകപ്പള്ളികളിലെ സിമിത്തേരിയുടെ ഉപയോഗം സംബന്ധിച്ച അതിരൂപതാനിയമാവലി താഴെ കൊടുത്തിരിക്കുന്നു.

## A) അംഗീകൃതമായ കല്ലറകൾ

പള്ളി സിമിത്തേരികളിൽ മൃതസംസ്കാരത്തിനായി താഴെ പറയുന്ന വിവിധതരം കല്ലറകൾ ഉണ്ടാക്കാവുന്നതാണ. 1. കുഴിമാടങ്ങൾ 2. സാധാരണ കല്ലറകൾ 3. സ്ഥിരം കല്ലറകൾ 3. 1. ഒരാൾ കല്ലറകൾ 3.2. ദമ്പതി കല്ലറകൾ, 3.3. കുടുംബ കല്ലറകൾ. ഇത്തരം കല്ലറകൾ ബെർത്ത്, സെൽ മാതൃകയിലും ഉണ്ടാക്കാവുന്നതാണ്. കല്ലറകൾക്കു പുറമേ ഭൗതികാവശിഷ്ടം സൂക്ഷിക്കുന്ന ചെറിയ സെല്ലുകൾ, സ്മാരകശിലകൾ എന്നിവയും ഉണ്ടാക്കാവുന്നതാണ്.

1. കുഴിമാടങ്ങൾ - ഓരോ മൃതസംസ്കാരാവശ്യത്തിനായി മണ്ണിൽ വെട്ടിയുണ്ടാക്കുന്ന കുഴികളെയാണ് കുഴിമാടങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ മൃതദേഹം മണ്ണുകൊണ്ടുതന്നെ മൂടി സംസ്കരിക്കുന്നു. യാതൊരുവിധ സ്ഥിരമായ നിർമ്മാണ പ്രവർത്തനങ്ങളും ഇവയോടനുബന്ധിച്ച് പാടുള്ളതല്ല. പള്ളി യോഗം നിശ്ചയപ്രകാരം കുഴിമാടങ്ങൾ സൗജന്യമായോ ചെറിയ സംഖ്യ കുഴിക്കാണം വാങ്ങിയോ നൽകാവുന്നതാണ്.

2. സാധാരണ കല്ലറകൾ - പള്ളിയോഗം നിശ്ചയിക്കുന്ന സാധാരണ കുഴിക്കാണം നൽകി മൃതദേഹം സംസ്കരിക്കുന്നതിന് ഇടവക സ്വന്തമായി പണികഴിപ്പിച്ചിട്ടുള്ള സ്ഥിരസ്വഭാവമുള്ള കല്ലറകളെയാണ് സാധാരണകല്ലറകൾ എന്നു വിളിക്കുന്നത്. കല്ലറകൾ സ്ഥിരമായി നിർമ്മിച്ചവയാണെങ്കിലും ഇവയിൽ സംസ്കരിക്കപ്പെടുന്നവരുടെ ബന്ധുക്കൾക്ക് കല്ലറയെ സംബന്ധിച്ച് പ്രത്യേക അവകാശങ്ങൾ ഒന്നും ഇല്ല. ഇവയുടെ ഉപയോഗം സംബന്ധിച്ച മുഴുവൻ അധികാരവും ഇടവകയ്ക്കായിരിക്കും.

3. സ്ഥിരം കല്ലറകൾ - പൊതുനിയമത്തിനുള്ളിൽ നിന്നുകൊണ്ട് പള്ളിയോഗം നിശ്ചയിച്ചിട്ടുള്ള ഉയർന്ന നിരക്കനുസരിച്ചുള്ള സംഖ്യ അടച്ച് വ്യക്തികൾ/കുടുംബങ്ങൾ/ദമ്പതികൾ എന്നിവരുടെ മൃതസംസ്കാരത്തിനായി നിശ്ചിത കാലയളവിലേക്ക് വാങ്ങുന്ന കല്ലറകളെയാണ് സ്ഥിരം കല്ലറകൾ എന്നു നിർവചിച്ചിട്ടുള്ളത്. ഇതിൽ സംസ്കരിക്കുന്ന മൃതദേഹങ്ങളുടെ എണ്ണം അനുസരിച്ച് ഇവ വിവിധ ഗണത്തിൽപ്പെടുന്നു.

3.1. ഒരാളെ സംസ്കരിക്കുന്ന സ്ഥിരം കല്ലറ - ഒരു മൃതദേഹം മാത്രം സംസ്കരിക്കുന്നതിനായി, ഇത്തരം കല്ലറകൾക്ക് യോഗം നിശ്ചയിച്ചിട്ടുള്ള സംഖ്യ അടച്ച് വാങ്ങുന്ന കല്ലറകളാണിവ. നിശ്ചിതകാലഘട്ടം കല്ലറ നിലനിർത്താവുന്നതും അനുവദിക്കപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യാവുന്നതുമാണ്. ഇടവകയോഗം അനുവദിക്കുന്നുണ്ടെങ്കിൽ തൊട്ടടുത്ത് വാങ്ങിയിരിക്കുന്ന രണ്ട് വ്യത്യസ്ത ഒരാൾ കല്ലറകൾക്ക് ഒറ്റ സ്ലാബ് ഇടാവുന്നതാണ്. ഇടവക യോഗനിശ്ചയം അനുവദിക്കുന്നുണ്ടെങ്കിൽ കൂടുതലായി നൽകേണ്ട സംഖ്യ അടച്ച് ഇത്തരം കല്ലറകൾ ദമ്പതീ കല്ലറകളായോ കുടുംബ കല്ലറകളായോ മാറ്റാവുന്നതാണ്.

3.2. ദമ്പതി കല്ലറകൾ - ദമ്പതികളെ സംസ്കരിക്കുന്നതിനായി, ഇത്തരം കല്ലറകൾക്ക് യോഗം നിശ്ചയിച്ചിട്ടുള്ള സംഖ്യ അടച്ച് വാങ്ങുന്ന കല്ലറകളാണിവ. നിശ്ചിത കാലഘട്ടം കല്ലറ നിലനിർത്താവുന്നതും അനുവദിക്കപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്യാവുന്നതുമാണ്. ഇടവക യോഗനിശ്ചയം അനുവദിക്കുന്നുണ്ടെങ്കിൽ കൂടുതലായി നൽകേണ്ട സംഖ്യ അടച്ച് ഇത്തരം കല്ലറകൾ കുടുംബ കല്ലറകളായി മാറ്റാവുന്നതാണ്.

3.3. കുടുംബകല്ലറകൾ - പൊതുനിയമം നിശ്ചയിച്ചിട്ടുള്ള കുടുംബാംഗങ്ങളെ മുഴുവനും സംസ്കരിക്കുന്നതിന്, ഇത്തരം കല്ലറകൾക്ക് യോഗം നിശ്ചയിച്ചിട്ടുള്ള സംഖ്യ അടച്ച് വാങ്ങുന്ന

കല്ലറകളാണ് കുടുംബകല്ലറകൾ. നിശ്ചിത കാലഘട്ടം കല്ലറ നില നിർത്താവുന്നതും അനുവദിക്കപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യാവുന്നതുമാണ്.

4. ഭൗതികാവശിഷ്ടം സൂക്ഷിക്കുന്ന ചെറിയ സെല്ലുകൾ - കല്ലറ കളിലോ കുഴിമാടങ്ങളിലോ സംസ്കരിച്ച മൃതദേഹാവശിഷ്ടങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനായി സെമിത്തേരികളിൽ / അതിരൂപത കാര്യാലയം അനുവദിക്കുന്ന മറ്റു സ്ഥലങ്ങളിൽ ഉണ്ടാക്കുന്ന ചെറിയ സെല്ലുകളാണ് ഇവ. ഇവയുടെ കാലാവധി 40 വർഷമായി രിക്കും. ഇവക്കു നൽകേണ്ട സംഖ്യ എത്രയെന്ന് നിശ്ചയിക്കാ നുള്ള അധികാരം പള്ളിയോഗത്തിനായിരിക്കും.

5. സ്മാരകശിലകൾ - മരിച്ചുപോയ പൂർവ്വകരുടെ സ്മരണ യ്ക്കായി ഭൗതികാവശിഷ്ടം ഇല്ലാതെ പരസ്യബോർഡുകൾ പോലെ സെമിത്തേരിയിൽ/അതിരൂപത കാര്യാലയം അനുവദി ക്കുന്ന മറ്റു സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന നിശ്ചിത അളവിലുള്ള അനുസ്മരണ ബോർഡുകൾ/ഫലകങ്ങൾ (Memorial Planks) ആണ് ഇവ. ഇവയിൽ അനുസ്മരിക്കപ്പെടുന്ന വ്യക്തിയെ സംബന്ധിച്ച വിവരങ്ങൾ മാത്രമേ രേഖപ്പെടുത്താവൂ. ഇവയുടെ കാലാവധി 40 വർഷമായിരിക്കും. ഇവക്കു നൽകേണ്ട സംഖ്യ എത്രയെന്ന് നിശ്ചയിക്കാനുള്ള അധികാരം പള്ളിയോഗത്തിനായിരിക്കും.

B) കല്ലറകളുടെ നിരക്ക്

1. കുഴിമാടങ്ങളുടെ/കല്ലറകളുടെ ഫീസ് നിശ്ചയിക്കാനുള്ള അധി കാരം ബന്ധപ്പെട്ട പള്ളിയോഗത്തിനാണ്. പുതിയ കല്ലറകൾ ഉണ്ടാക്കുമ്പോഴും നിലവിലുള്ള നിരക്കിൽ മാറ്റം വരുത്തുമ്പോഴും അതിന് പള്ളിയോഗ (പൊതുയോഗം / പ്രതിനിധിയോഗം) തീരുമാനപ്രകാരം അതിരൂപതാകാര്യാലയത്തിൽ നിന്നും അംഗീ കാരം വാങ്ങേണ്ടതാണ്.

2. ദമ്പതി, കുടുംബ കല്ലറകളിൽ ഒന്നിൽ കൂടുതൽ മൃതസംസ് കാരം നടത്തുമ്പോൾ ഓരോ പ്രാവശ്യവും അതാത് കല്ലറകൾക്ക് അന്ന് നിലവിലുള്ള സംഖ്യയുടെ 50% അടയ്ക്കണം. എന്നാൽ ദമ്പതി കല്ലറകളുടെ കാര്യത്തിൽ മരണാനന്തര ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ ആളില്ലാതെ വരുന്ന സാഹചര്യത്തിൽ രണ്ടാമത്തെ വ്യക്തി ജീവിച്ചിരിക്കെതന്നെ അന്നു നിലവിലുള്ള സംഖ്യയുടെ 50% അടയ്ക്കാൻ അതിരൂപതാധ്യക്ഷന് പ്രത്യേകം അനുവദിക്കാ വുന്നതാണ്.

3. സ്ഥിരം കല്ലറകൾ, ദമ്പതി കല്ലറകൾ, കുടുംബ കല്ലറകൽ എന്നിവയുടെ നിരക്കിൽ വരുത്തുന്ന മാറ്റം സാധാരണ കല്ലറയുടേതുമായി ബന്ധിപ്പിക്കരുത്. (ഉദാ. സാധാരണ കല്ലറയുടെ നാലിരട്ടി എന്ന് പറയരുത്.) ദമ്പതി കല്ലറകൾ, കുടുംബ കല്ലറകൾ എന്നിവയുടെ നിരക്ക് എപ്പോഴും ഒരാളെ അടക്കാനുള്ള സ്ഥിരം കല്ലറകളുടെ നിരക്കിനേക്കാൾ കൂടിയിരിക്കണം.

4. പാവപ്പെട്ടവർക്ക് കുഴിമാടങ്ങളുടെ/സാധാരണ കല്ലറകളുടെ കുഴിക്കാണം ആവശ്യമെങ്കിൽ ഒഴിവാക്കി നൽകാവുന്നതാണ്.

5. ഇടവകക്കാരല്ലാത്തവരെ കല്ലറകളിൽ (സാധാരണ കല്ലറകളുൾപ്പെടെ) സംസ്കരിക്കുമ്പോൾ ഇടവകക്കാർ നൽകുന്ന സംഖ്യയുടെ 50% കൂടുതൽ നൽകണം. എന്നാൽ സ്ഥിരം കല്ലറ വാങ്ങിയിട്ടുള്ളവർക്കും പ്രസ്തുത സെമിത്തേരിയിൽ മൃതസംസ്കാരം നടത്താൻ അതിരൂപത കാര്യാലയം അനുവദിച്ചിട്ടുള്ള ഇടവകക്കാർക്കും ഇത് ബാധകമല്ല.

6. സെമിത്തേരി സ്വന്തമായി ഇല്ലാത്ത പുതിയ ഇടവകക്കാരുടെ മൃതസംസ്കാരത്തിന് മാതൃ ഇടവകപള്ളിയിൽ ലഭിക്കുന്ന സ്ഥിരം കല്ലറയുടെ (ഒരാൾ, ദമ്പതി, കുടുംബ കല്ലറകൾ) ഫീസിന്റെ 25% ലഭിക്കാൻ അത്തരം പുതിയ ഇടവകപള്ളിക്ക് അവകാശമുണ്ടായിരിക്കും. പുതിയ ഇടവകയിൽ നിന്നുള്ള മൃതസംസ്കാരത്തിന് മാതൃഇടവകപള്ളി അധികചാർജ്ജും ഈടാക്കാൻ പാടുള്ളതല്ല.

## C) കല്ലറകളുടെ കാലാവധി

1. കുഴിമാടങ്ങൾ/സാധാരണ കല്ലറകൾ എന്നിവയുടെ ഉപയോഗം, കാലപരിധി തുടങ്ങിയവയെ സംബന്ധിച്ച മുഴുവൻ അധികാരങ്ങളും ഇടവകയ്ക്കായിരിക്കും. സ്ഥിരം കല്ലറകളുടെ കാലാവധി 40 വർഷവും ദമ്പതി കല്ലറകളുടെ കാലാവധി അവസാനത്തെ ദമ്പതിയുടെ മൃതസംസ്കാരത്തിനുശേഷം 40 വർഷവും കുടുംബകല്ലറകളുടെ കാലാവധി പൊതുനിയമം അംഗീകരിക്കുന്ന ഗുണഭോക്താക്കളിൽ അവസാന വ്യക്തിയെ സംസ്കരിച്ച തീയതി മുതൽ 40 വർഷവും ആയിരിക്കും.

2. സ്ഥിരം കല്ലറകളുടെ (ഒരാൾ, ദമ്പതി, കുടുംബ കല്ലറകൾ) കാലാവധി കഴിഞ്ഞാൽ അവ പൊളിക്കാതിരിക്കാൻ ഏതു വിഭാഗം കല്ലറയാണെങ്കിൽ അതിന്റെ നിലവിലുള്ള ഫീസ് അടച്ച് പള്ളിയോഗ തീരുമാനപ്രകാരം അവയുടെ കാലാവധി പുതുക്കാവുന്ന

താണ്.

3. കാലപ്പഴക്കം കൊണ്ട് നശിച്ചുപോയ പഴയ കല്ലറകൾ പുനരുദ്ധരിക്കേണ്ടതില്ല. അങ്ങനെ ചെയ്യണമെങ്കിൽ അതിരൂപത കാര്യാലയത്തിൽ നിന്ന് അനുവാദം വാങ്ങേണ്ടതാണ്.

D) കല്ലറകളുടെ അവകാശം

1. സഭാപരമായ ശിക്ഷയിൽ ഉൾപ്പെട്ടിരിക്കുന്നവർ ഒഴികെയുള്ള ഇടവകാംഗങ്ങളായ മുഴുവൻ വിശ്വാസികൾക്കും സെമിത്തേരിയുടെ ഉപയോഗം സംബന്ധിച്ച നിയമങ്ങൾക്കു വിധേയമായി ആ ഇടവകയിലെ/ ആ ഇടവകക്കാരുടെ ഉപയോഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള മറ്റൊരു ഇടവകയുടെ സെമിത്തേരിയിൽ മൃതസംസ്കാരത്തിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. ഇടവകാതിർത്തിയിൽ അനാഥാലയങ്ങൾ ഉണ്ടെങ്കിൽ അവയിലെ കത്തോലിക്കാവിശ്വാസികളായ സ്ഥിരാംഗങ്ങൾക്ക് ആവശ്യമെങ്കിൽ ആ ഇടവകയിലെ/ആ ഇടവകക്കാരുടെ ഉപയോഗത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള മറ്റൊരു ഇടവകയുടെ സെമിത്തേരിയിൽ മൃതസംസ്കാരം നടത്താൻ അനുവദിക്കേണ്ടതാണ്.

2. സെമിത്തേരി ഇല്ലാത്ത ഇടവകകളിലെ വിശ്വാസികൾക്ക് മാതൃ ഇടവകയിൽ/അതിരൂപത കാര്യാലയം അനവദിക്കുന്ന ഇടവകയിൽ കുഴിമാടങ്ങൾ, സാധാരണ കല്ലറകൾ, സ്ഥിരം കല്ലറകൾ (ഒരാൾ, ദമ്പതീ, കുടുംബം) എന്നിവക്ക് ആ ഇടവകക്കാർക്ക് ബാധകമായ നിയമങ്ങൾക്ക് വിധേയമായി അവകാശം ഉണ്ടായിരിക്കുന്നതാണ്.

3. ദമ്പതീകല്ലറകൾ : വാങ്ങുന്ന വ്യക്തിയെയും ടിയാളുടെ കൗദാശിക വിവാഹത്തിലെ ജീവിതപങ്കാളി/പങ്കാളികളെ ഈ കല്ലറയിൽ സംസ്കരിക്കാവുന്നതാണ്.

4. കുടുംബകല്ലറകൾ : കല്ലറ ആരുടെ പേരിൽ എടുക്കുന്നുവോ ആ വ്യക്തിക്കും ടിയാളുടെ ജീവിതപങ്കാളിക്കും/ജീവിതപങ്കാളികൾക്കും (നമ്മുടെ പാരമ്പര്യമനുസരിച്ച് സ്ത്രീ പുനർവിവാഹം ചെയ്താൽ മറ്റൊരു കുടുംബത്തിന്റെ ഭാഗമാകും. അതിനാൽ കല്ലറ വാങ്ങുന്നത് കുടുംബനാഥയാണെങ്കിൽ ടിയാൾ പുനർവിവാഹം ചെയ്താൽ പ്രസ്തുത പുനർവിവാഹത്തില ജീവിതപങ്കാളിക്കും പിൻതലമുറക്കാർക്കും ഈ നിയമാവകാശം ഇല്ല.) കല്ലറ വാങ്ങിയ കുടുംബനാഥന്റെ (വാങ്ങിയത് കുടുംബനാഥയാണെങ്കിൽ ടിയാൾ ഏതു കുടുംബത്തിന്റെ ഭാഗമായിട്ടാണോ കല്ലറ വാങ്ങിയത് ആ കുടുംബത്തിലെ) മാതാപിതാക്കൾക്കും ആൺമക്കൾക്കും

(ദത്തുമക്കളുൾപ്പെടെ) അവരുടെ ഭാര്യമാർക്കും അവിവാഹിതരായ പെൺമക്കൾക്കും (ദത്തുമക്കളുൾപ്പെടെ) അവിവാഹിതരായ സഹോദരർക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്.

5. കുടുംബകല്ലറക്ക് അവകാശമുള്ളവർ മറ്റു ഇടവകകളിലേക്ക് മാറി പോയാലും ടി. അവകാശം അഭംഗുരം നിലനിൽക്കുന്നതാണ്. ഇത്തരം സാഹചര്യങ്ങളിൽ അവർ ഇപ്പോൾ അംഗമായിരിക്കുന്ന ഇടവകയിലെ വികാരി മൃതസംസ്കാരം നടത്തുന്ന സ്ഥലത്തെ വികാരിക്ക് കത്തുനൽകേണ്ടതാണ്.

6. സ്ഥിരം, ദമ്പതി, കുടുംബകല്ലറകൾ ബുക്ക് ചെയ്തതിനു ശേഷം ഇടവക മാറിയതിനാലോ മറ്റു കാരണങ്ങളാലോ ബുക്ക് ചെയ്ത കല്ലറ വേണ്ടെന്ന് വച്ച് തിരിച്ചേൽപ്പിക്കാവുന്നതാണ്. ഇത്തരം സാഹചര്യത്തിൽ പ്രസ്തുത കല്ലറ ബുക്ക് ചെയ്ത സമയത്ത് അടച്ചിരുന്ന സംഖ്യമാത്രം കക്ഷിക്ക് തിരിച്ച് കൊടുക്കേണ്ടതാണ്.

E) വൈദികർക്കുള്ള കല്ലറകൾ

ഇടവകയിലെ സിമിത്തേരി കപ്പേളയോടനുബന്ധിച്ച് വൈദികർക്ക് (ദേശത്തു പട്ടക്കാർക്ക്) സൗജന്യമായി സ്ഥിരം കല്ലറ കൊടുക്കണം. ഇടവകയിൽ നിന്നുള്ള മറ്റു വൈദികർക്കും ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ ഈ ആനുകൂല്യം നൽകാവുന്നതാണ്. സ്വന്തം ഇടവകയിൽ മാത്രമേ ഇത് അവകാശമായിരിക്കുകയുള്ളു. പ്രസ്തുത കല്ലറകൾക്ക് കാലപരിധിയില്ല. ഏതെങ്കിലും വൈദികന് തന്റെ കുടുംബത്തിന്റെ കല്ലറയിൽ സംസ്കരിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്. അപ്രകാരം ചെയ്യുമ്പോൾ സാധാരണ കുടുംബകല്ലറകളോടനുബന്ധിച്ച് വാങ്ങുന്ന ഫീസ് വാങ്ങാവുന്നതാണ്.

F) കല്ലറകളുടെ അളവ് (ഉള്ളളവ്)

1. കുഴിമാടം/സാധാരണ കല്ലറ : നീളം - 6½ അടി, വീതി - 2½ അടി, താഴ്ച - 3 അടി

2. സ്ഥിരം കല്ലറ (ഒരാൾക്ക്) : നീളം - 6½ അടി, വീതി - 2½ അടി, താഴ്ച - 3 അടി

3. ദമ്പതി കല്ലറ : നീളം - 6½ അടി, വീതി - 2½ അടി, താഴ്ച - 4 അടി

4. കുടുംബ കല്ലറ : നീളം - 6½ അടി, വീതി - 2½ അടി, താഴ്ച - 6 അടി

5. നിലത്തു പണിയുന്ന സ്ഥിരം, ദമ്പതി & കുടുംബ കല്ലറകളുടെ ഉയരം : സ്ലാബിൽ നിന്ന് കുരിശ് അടക്കം ഒരു അടി മാത്രം. പ്രസ്തുത കല്ലറകളുടെ മുകളിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുമ്പോൾ ഉപരിതലത്തിന്റെ വീതി 2 അടിയും നീളം 5 അടിയും മാത്രമേ പാടുള്ളൂ. താഴെ കല്ലറകൾക്കിടയിലുള്ള ഭാഗം ടൈൽസ് വിരിച്ചോ മറ്റു വിധത്തിലോ ക്രമീകരിക്കുന്നുണ്ടെങ്കിൽ, അക്കാര്യത്തിൽ ഇടവക പൊതുവായ മാനദണ്ഡം നിശ്ചയിക്കണം. ഇപ്രകാരം ചെയ്യുന്നത് സെമിത്തേരിയിൽ എല്ലായിടത്തും ഒരേ നിരപ്പിൽ (ഒരിഞ്ച് ഉയരത്തിൽ) ആകണം.

G) മറ്റു നിബന്ധനകൾ

1. സിമിത്തേരിയിൽ വിവിധതരം കല്ലറകൾക്കു ഭാഗം തിരിച്ച്, നമ്പറിട്ട് ചാർട്ട് ഉണ്ടാക്കുകയും കല്ലറകൾ ബുക്ക് ചെയ്തു കഴിഞ്ഞാൽ ബന്ധപ്പെട്ടവരുടെ വിശദ വിവരങ്ങൾ കല്ലറ രജിസ്റ്ററിൽ ചേർത്ത്, ബന്ധപ്പെട്ട രജിസ്റ്റർ നമ്പർ ചാർട്ടിലും കല്ലറയിലും അടയാളപ്പെടുത്തുകയും വേണം, കല്ലറകൾ ക്രമമനുസരിച്ച് കൊടുക്കാൻ ശ്രദ്ധിക്കണം,

2. വിശുദ്ധ സ്ഥലമായ സിമിത്തേരി ഭദ്രമായും ഭംഗിയായും സൂക്ഷിക്കേണ്ടതാണ്.

3. സിമിത്തേരിയിൽ പാഴ്വസ്തുക്കൾ ഇടാനും എല്ലുകൾ നിക്ഷേപിക്കാനുമുള്ള കുഴികൾ വെവ്വേറെ ക്രമീകരിക്കണം. അസ്ഥിക്കുഴി ഭദ്രമായി അടച്ചുപൂട്ടി സൂക്ഷിക്കേണ്ടതാണ്.

4. ഈ നിയമാവലി 2010 ജൂൺ 1 മുതൽ പ്രാബല്യത്തിൽ വന്നതാണ്. അന്നുമുതൽ മേൽപ്പറഞ്ഞ നിയമങ്ങൾക്ക് വിരുദ്ധമായി അതിരൂപതയിലെ വിവിധ ഇടവകകളിലെ കീഴ്വഴക്കങ്ങൾക്കും ആചാരങ്ങൾക്കും യോഗനിശ്ചയങ്ങൾക്കും സാധുത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ പുതിയ നിയമം നിലവിൽ വന്ന 2010 ജൂൺ 1ന് മുമ്പ് വാങ്ങി ഉപയോഗിച്ചിട്ടുള്ള കല്ലറകളുടെ വലുപ്പം, കാലാവധി എന്നിവയ്ക്ക് മാത്രം അവ വാങ്ങിയ കാലത്ത് നിലവിലുണ്ടായിരുന്ന രൂപത/അതിരൂപത നിയമാവലിയിൽ പറഞ്ഞിട്ടുള്ള വലുപ്പവും കാലാവധിയുമായിരിക്കും ബാധകമായിരിക്കുക. അവ നവീകരിക്കുമ്പോൾ പൊതുനിയമത്തിനു വിധേയമായി ഇടവകയോഗത്തിന്റെ തീരുമാനം മാനിക്കേണ്ടതാണ്.

5. ഈ നിയമാവലിയിൽ നൽകിയിട്ടുള്ള നിയമങ്ങളെ സംബന്ധിച്ച് വ്യാഖ്യാനം നൽകുന്നതിനും ഭേദഗതികൾ വരുത്തുന്ന

തിനും ആവശ്യമെങ്കിൽ തത്സംബന്ധമായ പുതിയ നിയമങ്ങൾ ഉണ്ടാക്കുന്നതിനും ഇതിലെ നിയമങ്ങളെ സംബന്ധിച്ചോ അതിരൂപതയിലെ സെമിത്തേരിയുടെ ഉപയോഗം സംബന്ധിച്ചോ ഉണ്ടാകുന്ന എല്ലാ തർക്കവിഷയങ്ങളിലും അന്തിമതീരുമാനമെടുക്കുന്നതിനും തൃശൂർ സീറോമലബാർ കത്തോലിക്കാ അതിരൂപതയുടെ അധ്യക്ഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## അറിയിപ്പ്
## കല്ലറ എടുത്തവരുടെ ശ്രദ്ധയ്ക്ക്

പ്രിയ ഇടവകാംഗങ്ങളെ,

അയ്യന്തോൾ പള്ളി സെമിത്തേരിയിൽ കല്ലറകൾ എടുത്തവരുടെ രജിസ്റ്ററുകൾ നവീകരിക്കുന്നതിന്റെയും, കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന്റെയും ഭാഗമായി ഇതുവരെ കല്ലറകൾ ഏറ്റെടുത്തിരിക്കുന്നവരോ, അവരുടെ കുടുംബാംഗങ്ങളോ പ്രസ്തുത കല്ലറ ഏറ്റെടുത്തത് സംബന്ധിച്ച രശീതികളോ, കരാറുകളോ, മറ്റ് ബന്ധപ്പെട്ട രേഖകളോ, പകർപ്പുകൾ സഹിതം പള്ളി ഓഫീസിൽ ഒപ്പിട്ട അപേക്ഷ സഹിതം സമർപ്പിക്കേണ്ടതാണ്. കല്ലറ ഏറ്റെടുത്തത് സംബന്ധിച്ച രശീതികളോ, കരാറുകളോ, മറ്റ് ബന്ധപ്പെട്ട രേഖകളോ ഇല്ലാത്തപക്ഷവും അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം നൽകുന്ന അപേക്ഷയിൽ കല്ലറ എടുത്ത വർഷം, കല്ലറ എടുത്ത വ്യക്തിയുടെ പേര്, കല്ലറ എടുത്തശേഷം അടക്കം ചെയ്ത വ്യക്തി/ വ്യക്തികളുടെ പേരുകളും, കല്ലറ എടുത്ത വ്യക്തിയുമായുള്ള ബന്ധം, അടക്കം ചെയ്ത തിയ്യതി/വർഷം, അടക്കം ചെയ്തപ്പോൾ ലഭിച്ച രേഖ/ രശീതി, പകർപ്പ് എന്നിവയും വ്യക്തമാക്കേണ്ടതും നൽകേണ്ടതുമാകുന്നു. കല്ലറ ഒന്ന്ക്ക് ഒരു അപേക്ഷകൻ മാത്രം അപേക്ഷ സമർപ്പിച്ചാൽ മതിയാകുന്നതാണ്. കല്ലറകൾ എടുത്തിരിക്കുന്ന നിലവിൽ ഇടവകാംഗങ്ങൾ അല്ലാത്തവർക്കും ഈ അറിവ് ലഭിക്കുന്ന മുറക്ക് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

എന്ന്

**വികാരി.**

# വിശ്വാസവഴിയിലെ സംശയങ്ങൾ

*പരിശുദ്ധ മാർപാപ്പയുടെ നേതൃത്വത്തിൽ വരുന്ന സഭാസമൂഹങ്ങൾ ഏവ?*

മാർപാപ്പയുടെ അധികാരത്തിൻകീഴിൽ വരുന്ന 24 സഭകളാണ് ആകെയുള്ളത്. ഒരു പാശ്ചാത്യ (ലത്തീൻ) സഭയും 23 പൗരസ്ത്യ സഭകളും അതുകൊണ്ടാണ് സഭയെന്നത് സഭകളുടെ കൂട്ടായ്മ എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ നിർവചിക്കുന്നത്. ഒരുപക്ഷേ രണ്ടാം വത്തിക്കാൻ കൗൺസിൽ വരെ എല്ലാ സഭകളുടെയും മാതാവായി ലത്തീൻ സഭയെ കരുതുകയും മറ്റ് കത്തോലിക്കാ കൂട്ടായ്മകളെ അതിനുകീഴിൽ വരുന്ന സംവിധാനങ്ങളായി മനസിലാക്കുകയും ചെയ്യുന്ന ഒരു സഭാവിജ്ഞാനീയമായിരുന്നു നിലവിലുണ്ടായിരുന്നത്. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ഈ ആശയത്തിന് കാര്യമായ മാറ്റം വന്നു. എല്ലാ സഭകൾക്കും തുല്യാവകാശവും തുല്യാധികാരവും തുല്യപദവിയും നൽകുന്ന ഒരു സഭാവിജ്ഞാനീയമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ രൂപപ്പെടുത്തിയത്. അതുകൊണ്ട് എണ്ണത്തിലോ വണ്ണത്തിലോ അല്ല സഭകളെ അളക്കേണ്ടത് എന്ന ശൈലി മാറ്റി ആ സഭകളുടെ പാരമ്പര്യങ്ങൾ ഓരോന്നും പ്രസക്തമാണ് അവയിൽ ഒന്നും നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം എന്നുള്ള നിലപാടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ കൊണ്ടുവന്നത്. അതുകൊണ്ടുതന്നെ ഇന്ന് സഭാവിജ്ഞാനീയം (എക്ലേസിയോളജി) കൂട്ടായ്മയുടെ സഭാവിജ്ഞാനീയം എന്നാണ് അറിയപ്പെടുക.

130 കോടി കത്തോലിക്കരുണ്ട് എങ്കിൽ അതിൽ 98.5% വും ലത്തീൻ സഭാംഗങ്ങളാണ്. ബാക്കി 23 സഭകളും കൂടി ചേർന്നാൽ 1.5% മാത്രമേയുള്ളൂ എന്ന് നമുക്ക് മനസിലാക്കാം. 2 കോടിയോളം വിശ്വാസികൾ മാത്രമേ 23 പൗരസ്ത്യസഭകലിലായിട്ടുള്ളൂ. പക്ഷേ ആ 23 സഭകളിൽ എണ്ണത്തിൽ കുറവാണെങ്കിൽ പോലും ആ സഭകളോരോന്നിന്റെയും പൈതൃകം ശ്ലൈഹികപാരമ്പര്യമാണ്. അവയിലെ ഏതെങ്കിലും ഒരു പാരമ്പര്യം നഷ്ടപ്പെട്ട് പോകുമ്പോൾ കത്തോലിക്കാ പാരമ്പര്യത്തിൽ അത്രയും കുറവുസംഭവിക്കും

# 13th Death Anniversary



## C.C. CHACKO

Rtd. Superintendent Education Office,
Thiruvananthapuram

**S/o. C.C Chakku Master**
**Chittilappilly Kunnath House,**
**Metro Lane "Chandni," Ayyanthole**

Born : 28.05.1931 Died : 26.04.2010

With Loving Memories Sorrowing Family

With Prayers Mariamma Chacko

Victor
Jisha
Joel

Beena
Babu.E.A
Bijohn
Annmaria

Biju
Sherin
Blesswin
Amelia



St. Thomas Unit

# 10-ാം ചരമവാർഷികം

16.04.2023



## മുട്ടകുളം മാത്യു മകൻ

# ജോസഫ്

ജനനം : 26.12.1956

മരണം : 16.04.2013

മറക്കാനാവാത്ത ഓർമ്മകളുമായി

കുടുംബാംഗങ്ങൾ

മഡോണ യൂണിറ്റ്

# പാവനസ്മരണയ്ക്ക്



ഇമ്മട്ടി വെളുത്തുക്കാരൻ

## ജോസഫ് പോൾ

ജനനം : 02.09.1932
മരണം : 28.04.2001





ഇമ്മട്ടി വെളുത്തുക്കാരൻ പോൾ ഭാര്യ

## ആനി

ജനനം : 27.11.1937
മരണം : 25.06.2004

Wedded on 8th January 2023

Fredy

S/O Lizy John &
K P John,
Kunnekkadan House,
Ayyanthole,
Thrissur

Rosebelle

D/o Kochurani Joseph &
Joseph K J
Kaiprambattu House
Mookkanoor
Ernakulam









*Sharing the Happiness*

Alex

# സ്വർഗ്ഗത്തിൽ രണ്ടാം പിറന്നാൾ

## 28.04.2023



### തെക്കേക്കര തരകൻ

# പൗലോസ്

| ജനനം | മരണം |
| --- | --- |
| 30.07.1938 | 28.04.2021 |

പ്രാർത്ഥനയോടെ
**കുടുംബാംഗങ്ങൾ**

മഡോണ യൂണിറ്റ്


1st HAPPY BIRTHDAY
AGNES AJESH
HAPPY BIRTHDAY
(21-01-2023)
Daughter of Ajesh Ukken & Varsha Ajesh
wishes from,
Agnelya Ajesh & Agnay Ajesh Ukken
Kristhuraja Unit.

# 28-ാം ചരമവാർഷികം

30.04.2023



## കൈപറമ്പിൽ റപ്പായി മകൻ

## വിജു

ജനനം : 24 – 08 – 1973   മരണം : 30 – 04 – 1995

പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങൾ

സെന്റ് ആന്റണീസ് യൂണിറ്റ്

എന്നുള്ളതിനാൽ എല്ലാ പാരമ്പര്യങ്ങളെയും എല്ലാം സഭകളുടെയും പൈതൃകങ്ങളെയും തുല്യാദരവോടെ സമീപിക്കുന്ന ഒരു മനോഭാവമാണ് രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം തിരുസഭാവിജ്ഞാനീയം പുലർത്തുന്നത്.

---

## കുടുംബ കൂട്ടായ്മാ മീറ്റിംഗ് സമയ ക്രമം

| | | |
|---|---|---|
| **ഒന്നാം ഞായർ** | | |
| ലിറ്റിൽ ഫ്ലവർ | - | 3.00 മണി |
| സെന്റ് ആന്റണി | - | 4.00 മണി |
| സെന്റ് ജോസഫ് | - | 5.00 മണി |
| **രണ്ടാം ഞായർ** | | |
| ഹോളി ഫാമിലി | - | 3.00 മണി |
| സെന്റ് മേരീസ് | - | 3.4 5 മണി |
| സെന്റ് പോൾസ് | - | 4.30 മണി |
| സെന്റ് അൽഫോൻസാ | - | 5.1 5 മണി |
| **മൂന്നാം ഞായർ** | | |
| ക്രിസ്തുരാജ | - | 3.00 മണി |
| ഹോളി ട്രിനിറ്റി | - | 3.45 മണി |
| സെന്റ് തോമസ് | - | 4.3 0 മണി |
| സെന്റ് സേവിയർ | - | 5.1 5 മണി |
| **നാലാം ഞായർ** | | |
| മഡോണ | - | 3.00 മണി |
| സെന്റ് സെബാസ്റ്റ്യൻ | - | 3.4 5 മണി |
| സെന്റ് പീറ്റർ | - | 4.30 മണി |
| സെന്റ് ജോൺസ് | - | 5.1 5 മണി |

സമയ ക്രമത്തിൽ മാറ്റം ഉണ്ടെങ്കിൽ അറിയിക്കുമല്ലോ

കേന്ദ്ര സമിതി സെക്രട്ടറി, **ജോർളിൻ ജോഷി**

---

**ചായക്കൂട്ട് ചിത്രങ്ങളും, ബൈബിൾ ക്വിസ് ഉത്തരങ്ങളും**
**മരിയനാദം Mail ലേക്കും അയക്കാവുന്നതാണ്**

Email:mariyanadham.info@gmail.com
www.ayyantholechurch.com

# നിയമാവബോധം

## കുടുംബവും കുടുംബകോടതിയും – നിയമം

*(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)*



**അഡ്വ. ജോമോൻ കുന്നത്ത്**
**സെന്റ് സേവിയേഴ്സ് യൂണിറ്റ്**

ഇത്തരം സാഹചര്യങ്ങൾ സൃഷ്ടിക്കുന്നവർ ഒരു കാര്യം ഓർക്കുന്നത് നല്ലതാണ് നിങ്ങളുടെ സ്വഭാവം കൊണ്ടോ സംസാരം കൊണ്ടോ തകരുന്നത് നിങ്ങളുടെ മകന്റെ സുഖകരമായ ദാമ്പത്യ ജീവിതമാണ്. അത്തരം തർക്കം ഒരു വ്യവഹാരത്തിലേക്ക് എത്തിയാൽ ആ പെൺകുട്ടിയുടെ സഹായത്തിന് നിയമം അവരോടൊക്കെ ഒപ്പം നിൽക്കും എന്നുള്ളത് പ്രത്യേകം ഓർക്കുക. ഇത്തരം വ്യവഹാരങ്ങൾ വർഷങ്ങളോളം നീണ്ടു നിന്നേക്കാം. അത് മകന്റെ വിവാഹ ജീവിതം അവസാനിക്കുന്നതിലും എത്തിച്ചേരും. മറ്റൊന്നുകൂടി പ്രത്യേകം ഓർക്കേണ്ടത് കുടുംബ കോടതിയിലും, അതിനുശേഷം വേണ്ടി വന്നാൽ ഹൈക്കോടതിയിലുമായി നടക്കുന്ന വ്യവഹാരം പൂർണമായും അവസാനിക്കുവാൻ പത്തോ അതിലധികമോ വർഷങ്ങൾ വരെ എടുത്തേക്കാം. അതിനിടെ മകന്റെയും മകളുടെയും നല്ല കാലം അവസാനിച്ചിരിക്കും.

ഭർത്താവ് ചെറുപ്പത്തിലെ മരിച്ചു മകനെ സ്വപ്രയത്നം കൊണ്ട് വളർത്തിക്കൊണ്ടുവരുന്ന അമ്മമാർക്ക് മകന്റെ വിവാഹം കഴിയുന്നതോടെ ഒരുതരത്തിലുള്ള അരക്ഷിതാവസ്ഥ അനുഭവപ്പെടുകയും, മരുമകൾ തന്റെ മകനെ തന്നിൽ നിന്ന് അകറ്റുമെന്ന് ഭയം ഉടലെടുക്കുകയും ചെയ്യുന്നതിനെ തുടർന്ന് പലപ്പോഴും ഇത്തരത്തിൽ മരുമകളോടുള്ള ശത്രുതാമനോഭാവം ഉടലെടുക്കുകയും, അതുമൂലം മകന്റെ വിവാഹ ജീവിതത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്യുന്നത് കണ്ടു വരാറുണ്ട് മരുമകളെ സ്വന്തം മകളെ പോലെ സ്നേഹിച്ച് നല്ല നിലയ്ക്ക് അവരോട് പെരുമാറിയാൽ ആ സ്നേഹം തിരിച്ചു ലഭിക്കും എന്ന വിശ്വാസത്തോടെ മുന്നോട്ടുപോയാൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കുവാൻ സാധിക്കും. മരുമക്കളും അമ്മായിയമ്മമാരെ, തന്റെ ഭർത്താവിനെ ഇപ്പോൾ കാണുന്ന വ്യക്തി എന്ന നിലയിലേക്ക് വളർത്തി വലുതാക്കിയ ആളാണ് അദ്ദേഹത്തിന്റെ അമ്മ എന്ന വസ്തുത മനസ്സിലാക്കി, അവരെ സ്വന്തം അമ്മ എന്ന നിലയിൽ തന്നെ കണ്ട് അവരോട് സ്നേഹത്തോടെ പെരുമാറേണ്ടത് സുഗമമായ വിവാഹജീവിതത്തിന് അത്യന്താപേക്ഷിതമാണ് ഇന്നത്തെ കാലഘട്ടത്തിൽ വളരെ കുറവാണെങ്കിലും അപൂർവ്വമായെങ്കിലും നാത്തൂൻ പോരും ദാമ്പത്യജീവിതം തകർക്കുന്നതിൽ പങ്ക് വഹിക്കുന്നുണ്ട്

## യാത്രാവിവരണം

# കേരളത്തിന്റെ സ്വിറ്റ്സർലാന്റ് - വാഗമൺ

സെന്റ് തോമസ് കുടുംബകൂട്ടായ്മ 2023 ഫെബ്രുവരി 11-ാം തിയ്യതി ഒരു ഉല്ലാസയാത്ര നടത്തി. 26 അംഗങ്ങൾ അടങ്ങിയ ടീം ശനിയാഴ്ച വെളുപ്പിന് സെന്റ് ജോസഫ് എന്ന് പേരുള്ള ഒരു ട്രാവലറിൽ ബഹു. വികാരിയച്ചന്റെ പ്രാർത്ഥനാനുഗ്രഹങ്ങളോടെ യാത്ര ആരംഭിച്ചു. 91-ാം സങ്കീർത്തനവും ജപമാലയും ചൊല്ലി പ്രാർത്ഥിച്ചു. 7.30 ഓടെ ഭരണങ്ങാനത്ത് എത്തി വി. അൽഫോൻസാമ്മയുടെ ദേവാലയത്തിൽ വി. കുർബ്ബാന അർപ്പിച്ചു, കബറിടം സന്ദർശിച്ചു വണങ്ങി. ഞങ്ങൾ തന്നെ തയ്യാറാക്കി പ്രാതൽ കഴിക്കാനായി അവിടെതന്നെയുള്ള ഒരു ഗ്രൗണ്ടിൽ ഒന്നിച്ചുകൂടി.

ഇടുക്കി, കോട്ടയം ജില്ലകളുടെ അതിർത്തിയിൽ വനാതിർത്തിയിൽ പശ്ചിമഘട്ടമലനിരകളുടെ തുടർച്ചയായ മലയോരമായ വാഗമൺ ലക്ഷ്യമാക്കി 9 മണിയോടെ വീണ്ടും യാത്ര തുടർന്നു. ഞങ്ങളുടെ കൂട്ടായ്മയുടെ പ്രസിഡന്റ് ഡോ. ഫ്ളോറൻസ് ലീഡറുടെ സ്ഥാനത്തുനിന്ന് എല്ലാവർക്കും സ്വാഗതമേകി. പിന്നീട് എല്ലാവരും സ്വയം പരിചയപ്പെടുത്തി. കുട്ടികളെ പഠിപ്പിക്കുന്ന ലാഘവത്തോടെ, ഓരോ സ്ഥലത്തെത്തുമ്പോഴും അതിന്റെ വിവരണം തന്ന്, ഹിസ്റ്ററി പ്രൊഫസർകൂടിയായ ലീഡർ ഞങ്ങളെ ബോധവൽക്കരിച്ചുകൊണ്ടിരുന്നു. പുല്ലുനിറഞ്ഞ മൊട്ടക്കുന്നുകൾ... അതിനിടയിലൂടെ ഒഴുകുന്ന അരുവികൾ, കോലാഹലമേട്, കോടമഞ്ഞ്, ഉയർന്ന മലകൾ, താഴ്വരകൾ എല്ലാം - വാഗമണ്ണിനെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കുന്നു. ട്രക്കിങ്ങിനും പാരഗ്ലൈഡിങ്ങിനും ഇവിടെ സൗകര്യമുണ്ട്. ക്യൂൻ ഓഫ് ദി മിസ്റ്റ് എന്നും തണുപ്പുള്ള പ്രദേശമാകയാൽ, കേരളത്തിന്റെ സ്വിറ്റ്സർലണ്ട് എന്നും അറിയപ്പെടുന്ന ഈ സ്ഥലം സമുദ്രത്തിൽനിന്ന് 1200 മീറ്ററോളം ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. വാൾട്ടർഡഞ്ചക്കൻ 1926 ൽ ഇവിടെ തേയില കൃഷി ആരംഭിച്ചു. തട്ടുതട്ടായി കിടക്കുന്ന തേയിലത്തോട്ടങ്ങൾ ഇന്നും ടൂറിസ്റ്റുകൾക്ക് ഒരു ആകർഷണം തന്നെ. മലകളിൽ കാഴ്ചകൾ തീർത്തിരിക്കുന്ന വാഗമണ്ണിലെ ഏറ്റവും പ്രശസ്തമായ തീർത്ഥാടനകേന്ദ്രമാണ് കുരിശുമലയും അവിടെയുള്ള ആശ്രമവും ഡയറിഫാമുമാണ് ആദ്യം ഞങ്ങൾ കാഴ്ചയ്ക്കായി തിരഞ്ഞെടുത്തത്. 1958 ൽ ആശ്രമം സ്ഥാപിച്ച ബെൽജിയംകാരനായ Abbot Francis ആചാര്യൻ സ്ഥാപിച്ച ആശ്രമം നിശ്ശബ്ദത അവലംബിച്ചും കൊണ്ടുള്ള ധ്യാനകേന്ദ്രമാണ്. അന്തേവാസികൾ ഹിന്ദു സന്യാസിമാരുടേതുപോലുള്ള വസ്ത്രമാണ് ധരിച്ചിരിക്കുന്നത്. വിദേശ ഇനമായ ഫ്രീഷ്യൻ പശുക്കളുള്ള ഫാം, പാലുൽപ്പന്നങ്ങൾ എന്നിവ വളരെ പ്രസിദ്ധി

യാർജ്ജിച്ചിട്ടുണ്ട്. 12 ഓളം ചെറുകുന്നുകളും അതിനൊത്ത പ്രകൃതിസൗന്ദര്യവും ശാന്തതയും ചേരുന്ന ഇവിടം തീർച്ചയായും കണ്ടിരിക്കേണ്ട ഒരിടമാണ്.

യാത്രയിൽ ശ്രീമതി മെഴ്സി ജസിന്റോയുടെ നേതൃത്വത്തിലുള്ള തമ്പോലകളി എല്ലാവർക്കും ആവേശം പകർന്നു. മാത്രമല്ല എത്തേണ്ട സ്ഥലത്ത് എത്തിയതുപോലും ആരും അറിഞ്ഞില്ല എന്നതാണ് വാസ്തവം. കളിയിൽ വിജയിയായ ശ്രീമതി ത്രേസ്യാമ ജേക്കബിന് സമ്മാനം നൽകി. യാത്രയിലെ സ്റ്റാർ ആയി നറുക്ക് വീണത് ശ്രീ. വിൽസൺ - നാണ്. രണ്ടുപേരും കുടുംബസമേതം വന്ന ഞങ്ങളുടെ യാത്രയിലെ അതിഥികളാണ്.

മാതാവിന് നന്ദിയർപ്പിച്ച് പ്രാർത്ഥന ചൊല്ലി. അത്താഴത്തിനുശേഷം എല്ലാവരും അടുത്ത യാത്ര സ്വപ്നം കണ്ടുകൊണ്ട് വണ്ടിയിലിരുന്നു മയങ്ങിപ്പോയി. രാത്രി 1 മണിയോടെ തിരിച്ചെത്തി.

മേഴ്സി ജസീന്റോ
സെന്റ് തോമസ് യൂണിറ്റ്

## കെ.സി.വൈ.എം. കാത്തലിക്ക് യൂണിയൻ 50-ാം സുവർണ്ണ ജൂബിലി ആഘോഷം

### 2023 മാർച്ച് 12 ഞായർ

ഇടവകാംഗങ്ങളെ ഫ്രാങ്കോപിതാവ് ഉപഹാരം നൽകി ആദരിക്കുന്നു





# സ്നേഹസ്പർശം

**വിനീഷ ജിജോ, സെന്റ് പീറ്റർ യൂണിറ്റ്**

പക്ഷികൾ കൂടുകളിലേക്ക് ചേക്കേറുകയായ്. പാതയോരത്തിലൂടെ തന്റെ നഗ്നമായ കാൽപാദങ്ങൾ ഉറപ്പിച്ച് അവൾ ഓടുകയായിരുന്നു. ‘അന്ന’ തന്റെ കൂരയിൽ വഴിക്കണ്ണുമായ് കാത്തിരിക്കുന്നു. തന്റെ കുഞ്ഞനുജനെയാണ് അന്ന ഓർത്തത്. കാലടികളുടെ നീളം വർദ്ധിപ്പിച്ച് അന്ന കൂരയിലെത്തി.

ജന്മനാ കാലുകൾ തളർന്നതായിരുന്നു ജോസഫിന്റെ അപ്രതീക്ഷിതമായുണ്ടായ അപകടത്തിൽ മാതാപിതാക്കൾ മരണമടഞ്ഞു. പഠിക്കാൻ മിടുക്കിയായിരുന്ന അന്ന പഠിത്തം നിർത്തി കുടുംബഭാരം തോളിലേറ്റി. അതുവരെ സ്നേഹം കാണിച്ചിരുന്ന ബന്ധുമിത്രാദികൾ മാതാപിതാക്കളുടെ മരണശേഷം അവരുടെ വീടിനേയും കുട്ടികളേയും മറന്നു. അന്ന പല വീടുകളിൽ ജോലിക്കായി പോയിരുന്നു. സമപ്രായക്കാരായ കുട്ടികളെ കാണുമ്പോൾ അവൾ ഓടിയൊളിക്കും. ‘ദരിദ്ര വേലക്കാരി’ എന്നൊക്കെ അവർ കളിയാക്കും. തന്റെ സങ്കടങ്ങളെല്ലാം ഉള്ളിലൊതുക്കി. തന്റെ അനുജനെ വീൽചെയറിൽ നിന്ന് എഴുന്നേൽപ്പിക്കണം. അതിനുള്ള ശസ്ത്രക്രിയയ്ക്ക് പൈസ ഉണ്ടാക്കുകയാണ് അന്ന. ചേച്ചീ എന്ന് വിളിച്ച് തന്റെ പിന്നാലെ ഓടിവരുന്ന ജോസഫിന്റെ മുഖം അവളുടെ എല്ലാ സങ്കടങ്ങളും മാറ്റിയിരുന്നു.

തന്റെ ഇടവകപള്ളിയിലെ പരിശുദ്ധ കന്യകാമറിയത്തിന് മുന്നിൽ അവൾ എന്നും പ്രാർത്ഥിച്ചിരുന്നു. മേരിയമ്മ (പരിശുദ്ധ കന്യകാമറിയം) ആയിരുന്നു അവളുടെ ഏക കൂട്ടുകാരി. മേരിയമ്മയായിരുന്നു അവളുടെ ആശ്രയം. തന്റെ സങ്കടങ്ങൾ അമ്മയുടെ അടുത്ത് പറഞ്ഞ് കഴിഞ്ഞാൽ അവൾക്ക് ആശ്വാസമായിരുന്നു.

പതിവുപോലെ ജോലിക്കിറങ്ങിയ അന്ന വഴിയിൽ ഒരു ആൺകുട്ടി വീണുകിടക്കുന്നതു കണ്ടു. അവൾ അവനെ വലിച്ചെഴുന്നേൽപ്പിച്ച് ഒരു വണ്ടിയിൽ കയറ്റി ആശുപത്രിയിലെത്തിച്ചു. അവിടത്തെ ഒരു സമ്പന്നന്റെ മകനായിരുന്നു അവൻ - കിരൺ. അന്ന കിരണിന്റെ മാതാപിതാക്കളെ വിവരമറിയിച്ച് ആശുപത്രിയിൽ നിന്ന് മടങ്ങവെ കിരണിന്റെ അമ്മ അന്നയ്ക്ക് കുറച്ച് പൈസ

കൊടുത്തു. അന്ന അത് വാങ്ങിയില്ല. അവന്റെ അമ്മ കരഞ്ഞു കൊണ്ട് അന്നയെ കെട്ടിപ്പിടിച്ചു. അന്നക്ക് തന്റെ അമ്മയെ ഓർമ്മ വന്നു.

കിരണിന്റെ അമ്മ കിരണിനെക്കുറിച്ച് പറഞ്ഞു. എല്ലാവിധ സൗക ര്യങ്ങളുമുണ്ടായിട്ടും ദൈവം എന്റെ മകന് ആയുക്ക് കൊടുത്തി ട്ടില്ല. അവന്റെ കിഡ്നി തകരാറിലാണ് പതിനഞ്ചു വർഷമായിട്ട്. ദൈവം തന്ന മകനാണ് കിരൺ. കിഡ്നി മാറ്റിവയ്ക്കുന്നതിനായി ഒരാളെ കിട്ടിയിട്ടില്ല. അന്നയുടെ നാവുകൾ കുഴഞ്ഞില്ല. അവളുടെ ശബ്ദം ഉയർന്നു. അമ്മേ, എല്ലാവിധ ടെസ്റ്റുകളും ഡോക്ടറെ അറി യിച്ച് പൂർത്തിയാക്കിക്കോളൂ. അമ്മയുടെ മകന് ഞാൻ കിഡ്നി തരാം. ആ അമ്മ അന്നയെ നോക്കി പറഞ്ഞു. വേണ്ട മോളേ നീ ചെറുപ്പമാണ്. നിനക്ക് ഒരു ജീവിതമുണ്ട്. സ്വപ്നമുണ്ട്. അന്ന അത് ശ്രദ്ധിച്ചില്ല. അമ്മ പേടിക്കണ്ട. എനിക്ക് എന്തുവന്നാലും കുഴപ്പ മില്ല. എന്റെ മേരിയമ്മ എനിക്ക് കൂട്ടുണ്ട്. എന്റെ അനിയനെ നോക്കണം.

ദിവസങ്ങൾ കടന്നുപോയി. അന്നയ്ക്കും ജോസഫിനും ഒരേ ദിവ സമാണ് ശസ്ത്രക്രിയ തീരുമാനിച്ചത്. എല്ലാ ചിലവുകളും കിര ണിന്റെ വീട്ടുകാർ നടത്തിയിരുന്നു. ശസ്ത്രക്രിയയ്ക്ക് പോകും മുമ്പ് അന്നയുടെ മനസ്സിൽ ഓടികളിക്കുന്ന ജോസഫിന്റെ മുഖവും പൂർണ്ണ ആരോഗ്യവാനായ കിരണിനെയുമാണ് ഓർമ്മ വന്നത്. മേരിയമ്മയ്ക്ക് ഒരു ജപമാല സമർപ്പിച്ച് അവളുടെ ബോധം മറഞ്ഞു. മണിക്കൂറുകൾക്ക് ശേഷം ശസ്ത്രക്രിയ പൂർ ത്തിയാക്കി. കിരണിനെയും ജോസഫിനെയും റൂമുകളിലേക്ക് മാറ്റി. ജോസഫ് തന്റെ കാലുകൾ അനക്കി. അവന്റെ ചുണ്ടിൽ പുഞ്ചിരിവിടർന്നു. അവൻ അന്നയെ തിരക്കി. പിച്ചവച്ച് തുട ങ്ങുന്ന കുട്ടിയുടെ അനുഭൂതിയോടെ അവൻ വേച്ച് വേച്ച് നടന്നു. കിരണിന്റെ അമ്മ ജോസഫിനെ പിടിച്ചുകൊണ്ട് പറഞ്ഞു.

ജോസഫ്, നിനക്ക് ഒരു പുതിയ അമ്മയേയും ചേട്ടനേയും കിട്ടിയി രിക്കുന്നു. ചേച്ചി എന്ന് വിളിച്ച് പിന്നാലെ ഓടിവരുന്ന കുഞ്ഞനു ജനെ കാണാൻ ഇനി അന്നയില്ല. ഭൂമിയിലെ അവളുടെ ഓട്ടം പൂർ ത്തിയായി. ഈശോ അവളെ വിളിച്ചു. ആ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. മൂകതയാർന്ന ആ ഇരുണ്ട മുറിയിൽ നിന്നുകൊ ണ്ട് അവൻ അലറി. കിരണിന്റെ അമ്മ അവനെ മാറോടുചേർത്തു.

# പാലയൂർ മഹാ തീർത്ഥാടനം

തൃശ്ശൂർ അതിരൂപത 2023 മാർച്ച് 26-ാം തിയതി ഞായറാഴ്ച്ച 26-ാമത് പാലയൂർ മഹാ തീർത്ഥാടനം നടത്തുകയുണ്ടായി. അയ്യന്തോൾ ഇടവകാതിർത്തിയിൽ വെച്ച് വികാരി റവ. ഫാ. ജെയ്സൻ പുന്നശ്ശേരി തീർത്ഥാടന യാത്രയുടെ ഫ്ളാഗ് സ്വീകരിച്ചു. നമ്മുടെ ഇടവകയിലെ സി.എൽ.സി. സംഘടന അവതരിപ്പിച്ച കുരിശിന്റെ വഴിയിലെ നാലാം സ്ഥലം അതിമനോഹരമായിരുന്നു. ലിറ്റിൽ ഫ്ളവർ യൂണിറ്റിലെ കുട്ടികൂട്ടായ്മയിലെ മക്കൾ സംഗീത ഉപകരണങ്ങളുടെ അകമ്പടിയോടെ ഗാനാലാപനം നടത്തി. ഇതര സംഘടനകൾ പുലർച്ചെ 5.30ന് തന്നെ തീർത്ഥാടകർക്ക് കുടിവെള്ളം ഒരുക്കി. ജെയ്സനച്ചനോടൊപ്പം കൈക്കാരന്മാരും പള്ളിയിലെ മറ്റു ചുമതല വഹിക്കുന്നവരും നേതൃത്വം നൽകാൻ മുൻ നിരയിൽ തന്നെ ഉണ്ടായിരുന്നു. നടത്തു കൈക്കാരൻ അഗസ്റ്റിൻ തരകൻ ഇടവകാതിർത്തിയിൽവെച്ച് പതാക കൈമാറി

**അഗസ്റ്റിൻ തരകൻ**, നടത്തുകൈക്കാരൻ






**തൃശ്ശൂർ അതിരൂപതയുടെ സ്ഥാപനമായ ജൂബിലി മിഷ്യൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന**

# സൗജന്യ മെഡിക്കൽ ക്യാമ്പ്

**2023 ഏപ്രിൽ 23 ഞായർ രാവിലെ 8 മുതൽ 12.30 വരെ**
**സെന്റ്ജോസഫ് പാരീഷ് ഹാൾ, അയ്യന്തോൾ**

പ്രിയ സുഹൃത്തുക്കളെ,

**സെന്റ് മേരീസ് അസംപ്ഷൻ ചർച്ച് കേന്ദ്ര കുടുംബകൂട്ടായ്മ കമ്മിറ്റിയുടെയും, സി.എൽ.സി., കെ.സി.വൈ.എം., യുവജന കൂട്ടായ്മയുടെ** സഹകരണത്തോടെ **2023 ഏപ്രിൽ 23 ഞായറാഴ്ച രാവിലെ 8 മണി മുതൽ 12.30 വരെ സെന്റ് ജോസഫ് പാരീഷ് ഹാളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ്** സംഘടിപ്പിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. നമ്മുടെ വികാരി **ഫാ. ജെയ്സൺ പുന്നശ്ശേരി** ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. താങ്കളുടെ സാന്നിദ്ധ്യവും എല്ലാവിധ സഹായ സഹകരണങ്ങളും പ്രതീക്ഷിച്ചു കൊള്ളുന്നു.

സ്നേഹപൂർവ്വം,

**റവ. ഫാ. ജെയ്സൺ പുന്നശ്ശേരി**
വികാരി

**അഗസ്റ്റിൻ തരകൻ**
ട്രസ്റ്റി

**മേജോ കെ.ജെ.**
കൺവീനർ, കേന്ദ്ര
കുടുംബകൂട്ടായ്മ കേന്ദ്രസമിതി

**പ്രിൻസ്**
യൂത്ത് വിംഗ്, കേന്ദ്ര
കുടുംബകൂട്ടായ്മ കേന്ദ്രസമിതി

**സാൻജോ**
സി.എൽ.സി. പ്രസിഡന്റ്

**ആൻമേരി ടോണി**
കെ.സി.വൈ.എം. പ്രസിഡന്റ്

**/ കമ്മ്യൂണിറ്റി മെഡിസിൻ / കുട്ടികളുടെ വിഭാഗം /**
**/ നേത്രവിഭാഗം / ജനറൽ മെഡിസിൻ /**

***ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിനും സൗകര്യങ്ങൾ ഒരുക്കുന്നതിനും ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേരുകൾ പള്ളി ഓഫീസിൽ രജിസ്റ്റർ ചെയ്യുവാൻ അഭ്യർത്ഥിക്കുന്നു.***




**പ്രമേഹരോഗികൾ കൂടുതൽ വെള്ളം കുടിക്കണമെന്ന് പറയുന്നത് എന്തുകൊണ്ട്?**

പ്രമേഹം, നമുക്കറിയാം ആഗോളതലത്തിൽ തന്നെ മുന്നിട്ടു നിൽക്കുന്നൊരു ജീവിതശൈലീരോഗമാണ്. പ്രേമേഹം രക്തത്തിലെ ഗ്ലൂക്കോസ് നില ഉയർത്തുന്നു എന്നത് മാത്രമല്ല പ്രശ്നം- ഒരുപിടി അനുബന്ധ ആരോഗ്യപ്രശ്നങ്ങളിലേക്കും അസുഖങ്ങളിലേക്കുമെല്ലാം പ്രമേഹം വ്യക്തികളെ നയിക്കാറുണ്ട്.

ജീവിതശൈലീരോഗമായതിനാൽ തന്നെ ജീവിതരീതികൾ മെച്ചപ്പെടുത്തുന്നതിലൂടെയാണ് ഒരു പരിധി വരെ പ്രമേഹത്തിനെ തടയാനും സാധിക്കൂ. പ്രത്യേകിച്ച് ഡയറ്റിലാണ് കാര്യമായ ശ്രദ്ധ നൽകേണ്ടത്. ചില ഭക്ഷണങ്ങൾ ഒഴിവാക്കുകയും, നിയന്ത്രിക്കുകയും, ചിലത് ഡയറ്റിൽ ചേർക്കുകയും വേണ്ടിവരാം.

എന്തായാലും പ്രമേഹരോഗികൾ കൂടുതൽ വെള്ളം കുടിക്കണമെന്ന് എപ്പോഴും ആളുകൾ പറഞ്ഞ് നിങ്ങൾ കേട്ടിരിക്കാം. എന്നാൽ എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നത് എന്നത് എപ്പോഴെങ്കിലും ചിന്തിക്കുകയോ മനസിലാക്കുകയോ ചെയ്തിട്ടുണ്ടോ?

പ്രമേഹമുള്ളവരുടെ രക്തത്തിൽ ഗ്ലൂക്കോസ് അമിതമായി കാണുമെന്ന് പറഞ്ഞുവല്ലോ. ഈ അമിതമായ ഗ്ലൂക്കോസ് ശരീരത്തിൽ നിന്ന് പുറന്തള്ളപ്പെടുന്നത് മൂത്രത്തിലൂടെയാണ്. ഇങ്ങനെ മൂത്രത്തിലൂടെ ഗ്ലൂക്കോസ് ശരിയാംവിധം പുറന്തള്ളപ്പെട്ട് രക്തത്തിലെ ഗ്ലൂക്കോസ് നില നിയന്ത്രിച്ചുനിർത്തണമെങ്കിൽ തീർച്ചയായും വെള്ളം കൂടുതലായി അകത്തെത്തണം.

അതുപോലെ തന്നെ പ്രമേഹരോഗികളിൽ നിർജലീകരണത്തിനുള്ള (ഡീഹൈഡ്രേഷൻ അഥവാ ശരീരത്തിൽ ജലാംശം കുറയുന്ന അവസ്ഥ) സാധ്യതയും കൂടുതലാണ്. ഈ പ്രശ്നമൊഴിവാക്കുന്നതും എപ്പോഴും വെള്ളം കുടിക്കണം. പ്രമേഹരോഗികളിൽ നിർജലീകരണം സംഭവിച്ചാലും ഗ്ലൂക്കോസ് നില ഉയരും. ഇക്കാര്യവും പ്രധാനം തന്നെ.

ഭക്ഷണത്തിന് ശേഷം എപ്പോഴും നമ്മൾ വെള്ളം കുടിക്കാറുണ്ട്. എന്നാൽ പ്രമേഹരോഗികൾ ഭക്ഷണത്തിന് അൽപം മുമ്പും വെള്ളം കുടിച്ച് ശീലിക്കുക. അതുപോലെ ജലാംശം കാര്യമായി അടങ്ങിയിട്ടുള്ള ഭക്ഷണങ്ങൾ- പ്രത്യേകിച്ച് ഫ്രൂട്ട്സും കഴിക്കാം. അതേസമയം മധുരമേറെയുള്ള പഴങ്ങൾ അധികമാകാതെയും ശ്രദ്ധിക്കുക.

വെള്ളം കുടിക്കാൻ മടിയുള്ളവർക്കോ, മറവിയുള്ളവർക്കോ റിമൈൻഡർ വയ്ക്കുകയോ, കയ്യിൽ ബോട്ടിൽ എപ്പോഴും കരുതുകയോ ചെയ്യാം. അതുപോലെ സ്പൈസസോ ഹെർബോ ചേർത്ത് തിളപ്പിച്ച വെള്ളമാണെങ്കിൽ അത് സ്വാഭാവികമായും കുടിക്കാൻ താൽപര്യം കൂടും. അതിനാൽ പ്രമേഹമുള്ളവർക്ക് ഇങ്ങനെയും കുടിവെള്ളം തയ്യാറാക്കാം.


## St Mary's Assumption Church Ayyanthole
## Mariyanadham Parish Bullettin

### Advts. New Tariff Rates

**Multi-colour Advts.**

| | |
|---|---|
| Front Inner Cover Page | : Rs. 2000/- |
| Back Inner Cover Page | : Rs. 1800/- |
| Back Cover Page | : Rs. 2800/- |
| Centre Spread Two Pages | : Rs. 3200/- |
| Inside Any Full Page | : Rs. 1500/- |
| Inside Any Half Page | : Rs. 750/- |

**Black & White Advts.**

| | |
|---|---|
| Inside Any Full Page | : Rs. 900/- |
| Inside Any Half Page | : Rs. 500/- |

### Discounts

One year Colour / B&W Advts. : 10%

Jacob Tholath
Managing Editor

***04-12-2022 ന് ഇടവകതലത്തിൽ പാരീഷ് ബുറ്ററിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 50 വയസ്സിനു മുകളിലുള്ള വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ചെറുകഥ***

വിഷയം: **സ്നേഹം**

# സ്നേഹം

**ലിസി ടോണി,**
**ലിറ്റിൽ ഫ്ളവർ യൂണിറ്റ്**

'നിമ്മിയുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാരധാരയായി ഒഴുകി.'

"അവർ വന്നില്ലല്ലോ അവർ എന്നെ വെറുത്തോ!

എനിക്ക് ആരും കൂട്ടിന് ഉണ്ടാവില്ലല്ലോ ഈശോയെ"

നിമ്മി കിടക്കയിൽ മുഖമർത്തി കരഞ്ഞു. അവൾ മാതാവിനോട് പ്രാർത്ഥിച്ചു. മാതാവേ എനിക്ക് ശ്രീക്കുട്ടനോടും നൗഷാദിനോടും കൂട്ടുകൂടി കൂടെ അവരും മനുഷ്യന്മാരല്ലേ. ശ്രീക്കുട്ടനും നൗഷാദും പിറ്റേദിവസം നിമ്മിയെ വിളിക്കാൻ വന്നു. നിമ്മി ഇറങ്ങിചെന്നു. അപ്പോൾ നിമ്മിയുടെ അമ്മയുടെ ശകാരം പിന്നിൽ നിന്ന് കേൾക്കാമായിരുന്നു. "എടീ ഞാൻ നിന്നോട് പറഞ്ഞിട്ടില്ലേ, ആ തെണ്ടികളോട് കൂട്ടുകൂടരുത് എന്ന്. ഇറങ്ങിപോടോ തെണ്ടികളെ, വന്നിരിക്കുന്നു ഒരു ചേട്ടന്മാർ അനിയത്തിയെ വിളിക്കാൻ". ശ്രീക്കുട്ടനും നൗഷാദും "നിമ്മിയെ, അമ്മയെ അവർക്ക് മനസ്സിലാവും" എന്ന് പറഞ്ഞ് സങ്കടപ്പെട്ട് ഇറങ്ങിപ്പോയി. "വാടാ അവർ പണക്കാരല്ലേ നമ്മൾ പാവങ്ങളല്ലേ" നമുക്ക് പോകാം എന്ന് പറഞ്ഞ് അവർ പോയി.

ഓഗസ്റ്റ് മാസത്തിൽ മുഴുവൻ നിമ്മിയെ ക്ലാസ്സിലേക്ക് കണ്ടില്ല. ശ്രീക്കുട്ടനും നൗഷാദും നിമ്മിയെ അന്വേഷിച്ചു. അവൾക്കെന്തു പറ്റി. എന്തായാലും ശ്രീക്കുട്ടനും നൗഷാദും ഒരു തവണകൂടി നിമ്മിയുടെ ബംഗ്ലാവിന്റെ കോളിംഗ് ബെൽ അമർത്തി. അപ്പോഴും നിമ്മി ഇറങ്ങി വന്നുകണ്ടില്ല.

അതിനുശേഷം അറിഞ്ഞു, നിമ്മി ഹോസ്പിറ്റലിൽ ആണെന്ന്. നിമ്മിയുടെ അടുത്ത് സഹപാഠികളും അധ്യാപകരും എല്ലാവരും കൂടി നിൽക്കുന്നുണ്ട്. നിമ്മി കണ്ണ് തുറക്കുന്നില്ല. നൗഷാദും ശ്രീക്കുട്ടനും ഓടിയെത്തി. അവർ നിമ്മീ നിമ്മീ എന്നു വിളിച്ചു.

“നിമ്മി കൺപോളകൾ തുറന്നു. ശ്രീക്കുട്ടാ, നൗഷാദേ അവൾ വിളിച്ചു. അവൾ പുഞ്ചിരി തൂകി.
ഇതു കണ്ടുനിന്ന എല്ലാവർക്കും അത്ഭുതമായി. ഇതു കണ്ടുനിന്ന അവരുടെ അധ്യാപകർ പറഞ്ഞു. സ്നേഹത്തിനുമുന്നിൽ എല്ലാം തോൽക്കും. സ്നേഹമാണ് ഏറ്റവും വലിയ മൂല്യം. സ്നേഹത്തേക്കാൾ വലുതായി യാതൊരു മരുന്നും ഇല്ല. നിമ്മി രോഗത്തിൽ നിന്ന് സുഖം പ്രാപിച്ചു. നിമ്മിയുടെ അമ്മയ്ക്ക് തന്റെ തെറ്റ് മനസ്സിലായി. നിമ്മിയുടെ അമ്മ തന്റെ തെറ്റിനെ കുറിച്ച് പരിതപിച്ചു.

---

***04 – 12 – 2022 ന് ഇടവകതലത്തിൽ പാരീഷ് ബുറ്ററിന്റെയും കേന്ദ്ര കുടുംബകൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 50 വയസ്സിനു മുകളിലുള്ള വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കവിത***

## ക്രിസ്തുമസ്

**ശോഭന ആന്റോ,**
**ഹോളി ട്രിനിറ്റി**

ക്രിസ്തുമസ് രാത്രിയായ് വാനിൽ നക്ഷത്രമുദിച്ചുയർന്നു...
വെള്ളിനക്ഷത്രമെ എന്നെ നോക്കിനിൽക്കുന്നതെന്തെ നീ വാനിടത്തിൽ
സർവ്വജനത്തിനും രക്ഷകനായ് ഉണ്ണിയേശു മണ്ണിൽ അവതരിച്ചു
സ്വർഗ്ഗത്തിൽ നിന്നും താണിറങ്ങി നിത്യപ്രകാശത്തിൻ ധാരയായി
വാനിടവും സ്വർഗ്ഗദൂതൻമാരും പാടിസ്തുതിക്കുന്ന
പൊൻവെളിച്ചം ഞങ്ങളും നിന്നെ സ്തുതിച്ചീടുന്നു.
പാപവിമോചനകനായവനും സർവ്വജനത്തിനും പാലകനും
വന്ന് പിറന്നൊരു മഞ്ഞുപുൽതൊട്ടിലിൽ
ജ്ഞാനികൾ വന്ന് കുമ്പിടുന്നു ഞങ്ങളും നിന്നെ നമിച്ചീടുന്നു
പൊന്നും മീറയും കുന്തിരിക്കം കാഴ്ചയായ്
നിൻമുൻപിൽ ഏകീടുന്നു. ഏറ്റെടുക്കേണമെ
വൻപിഴകൾ ചൊരിയണമെന്നിൽ വൻ കൃപകൾ
സ്നേഹത്തിൻ കടലാകും നിൻഹൃദയം ഞങ്ങൾക്കായ് നിത്യം തുടിച്ചീടുന്നു
ആ സ്നേഹമെന്നും രുചിച്ചറിയാൻ അനുഗ്രഹിക്കു നാഥാ അനുവദിക്കു.

# 41-ാം ചരമദിനം
17-04-2023



## കൈപ്പറമ്പിൽ കരേരക്കാട്ടിൽ പൊറിഞ്ചു ഭാര്യ
# മേരി

ജനനം : 27-04-1937          മരണം : 08.03.2023

സ്നേഹസ്മരണകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ          സെന്റ് ജോസഫ് യൂണിറ്റ്

JORLINE JOSHY
*Proprietor*

9544962005
Ph: 9446464279

നിങ്ങൾക്കിഷ്ടപ്പെട്ട
തുണിത്തരങ്ങൾ
മിതമായ വിലയ്ക്ക്
നേടാൻ സമീപിക്കൂ...

fortune fashion
FOR MEN, WOMEN & KIDS

*Gents*
*Ladies*
*&*
*Kids*

I. K. ARCADE, AYYANTHOLE GROUND, THRISSUR

***04–12–2022 ന് ഇടവകതലത്തിൽ പാരീഷ് ബുറ്റിന്റെയും കേന്ദ്ര കുടുംബ കൂട്ടായ്മ സമിതിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യ മത്സരങ്ങളിൽ 50 വയസ്സിനു മുകളിലുള്ള വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഉപന്യാസം***

# കുടുംബം എന്റെ കാഴ്ചപ്പാടിൽ

**ലോലിത ആന്റണി, സെന്റ് പീറ്റർ യൂണിറ്റ്**

വിശുദ്ധ "മദർ തെരേസ" സ്നഹത്തെക്കുറിച്ചിപ്രകാരം പറഞ്ഞു: 'സ്നേഹമാണ് കുടുംബത്തിന്റെ ചങ്ങല. ചങ്ങലകളിലെ ഇഴചേരലാണ് ബന്ധങ്ങളും."

വിശുദ്ധ ബൈബിളിലെ ആദിമാതാപിതാക്കൾ മുതൽ പുതിയ നിമയമത്തിൽ വരെ "തിരുകുടുംബമെന്ന പാഥേയം കുടുംബമെന്ന സങ്കൽപത്തിന്റെ അമൂല്യ രത്നങ്ങളത്രെ.

ഓരോ കുടുംബവും സ്നേഹമെന്ന ചങ്ങലയാൽ ബന്ധിക്കപ്പെട്ടതാണ്. രണ്ടു വ്യക്തികളുടെ ഇഴചേരലാണ് കുടുംബത്തിന്റെ അടിത്തറ. രൂപയുടെ മൂല്യം ഇടിഞ്ഞാൽ അതിന്റെ ഘടകമായ പൈസയുടെ മൂല്യവും ഇടിയുമെന്ന ഉപമ പോലെ തന്നെയാണ്. നല്ല സമൂഹം വാർത്തെടുക്കാൻ നല്ല കുടുംബത്തിനേ കഴിയൂ! നല്ല രാഷ്ട്രം അങ്ങനെയെ രൂപം കൊള്ളൂ.

1980 കാലഘട്ടങ്ങളിൽ കൂട്ടുകുടുംബം നിലനിന്നിരുന്നു. പിന്നീടങ്ങോട്ട് "അണുകുടുംബം" എന്ന പുതിയ സങ്കൽപ്പം രൂപം കൊണ്ടത്. പാശ്ചാത്യ സംസ്കാരത്തിന് ഊന്നൽ കൊടുക്കുന്ന പുതിയ തലമുറ വിവാഹേതര ബന്ധങ്ങൾ, ലീവിങ്ങ് ടുഗെദർ" ഇതിനെല്ലാം പ്രാധാന്യം നൽകുന്നു. "അറേഞ്ച്ഡ് മാരേജാവട്ടേ, ലവ് മാരേജാവട്ടെ, കുറഞ്ഞ നാളുകൾ മാത്രം ഒത്തൊരുമയിൽ പോകുന്നു. പിന്നീട് "ഡിവോഴ്സ്" എന്ന സാമൂഹിക വിപത്ത് എടുത്തണിയുന്നു.

കുടുംബബന്ധങ്ങൾ കെട്ടുറപ്പുള്ളതാക്കാൻ എന്താണൊരു പരിഹാരമാർഗ്ഗം? ക്രിസ്തീയ സഭ ഇതിനുവളരെ പ്രാധാന്യം നൽകുന്നു. വിവാഹത്തിനുമുൻപുള്ള "കോഴ്സ് ഏതാണ്ട് അഞ്ച് ദിവസത്തോളം ക്ലാസ്സുകൾ നൽകുന്നു. മാറിവരുന്ന ഏതു ഗവൺമെന്റായാലും കുടുംബ ബന്ധങ്ങൾക്ക് ഊന്നൽ നൽകുന്നു. ഇടവകതലത്തിൽ ഇടക്കിടെ നടത്തുന്ന "ദമ്പതി ധ്യാനങ്ങൾ, മറ്റു കൗൺസിലിങ്ങു

കൾ" അൽമായ. വൈദിക, സന്യസ്ഥരുടെ ഇടപെടലുകൾ കോടതിയിലെത്തിയാൽ ദമ്പതികൾക്കായ് നൽകപ്പെടുന്ന കൗൺസിലിങ്ങ് തുടങ്ങിയവ മൂലം പുതിയ ഒരു അവബോധം ദമ്പതികളിൽ വേരൂന്നാൻ സഹായിക്കുന്നു. ഒരു പരിധിവരെ വിവാഹമോചനം തടയപ്പെടുന്നു.

ഒരു പാത്രത്തിൽനിന്നും ഒന്നിച്ചുണ്ട്, ഒരു പായയിൽ ഉറങ്ങിത്തീരുന്ന പഴയതലമുറയെ അപേക്ഷിച്ച് ദൃശ്യമാധ്യമ ശക്തികളുടെ കരാള ഹസ്തത്തിൽപ്പെട്ട്, മദ്യം, മയക്കുമരുന്ന് ഇതിന്റെ ഉപഭോഗത്തിൽ നീരാളിപോലെ ഞെരിഞ്ഞമരുന്ന പുതിയ തലമുറ. അടക്കിപിടിച്ച കണ്ണുനീരോടെ ഇരുളിന്റെ ഇടനാഴിയിൽ പെട്ട് ശൂന്യമായ മനസ്സോടെ നീങ്ങുന്ന കുഞ്ഞുങ്ങളെ കണ്ട് ഇനിയുമുണർന്നെങ്കിൽ. ഹാ! നല്ല കുടുംബമേ ഞാനും നിനക്ക് വന്ദനം പറഞ്ഞേനെ."

## കമ്പ്യൂട്ടർ ലാബ് സമർപ്പണം

അയ്യന്തോൾ നിർമ്മല കോൺവെൻറ് സ്കൂളിലെ പൂർവ്വവിദ്യാർത്ഥി ശ്രീ ബാബു വർഗ്ഗീസ് കരേരക്കാട്ടിൽ ഗുരുദക്ഷിണയായി കമ്പ്യൂട്ടർ ലാബ് സമർപ്പിക്കുന്നു



ശ്രീ ബാബു വർഗ്ഗീസിനേയും കുടുംബത്തേയും അദ്ദേഹത്തിന്റെ പ്രവർത്തന മേഖലകളേയും ഈശോ സമൃദ്ധമായി അനുഗ്രഹിക്കട്ടെ

**സിസ്റ്റർ ഹിത CHF,**
പ്രധാന അദ്ധ്യാപിക, നിർമ്മല കോൺവെന്റ് സ്കൂൾ

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വയോജനദിനം ആചരിച്ചു

02-04-2023 ഓശാന ഞായർ രാവിലെ 10.30ന് ഇടവകയിലെ പ്രായമായവരേയും രോഗികളേയും പള്ളിയിൽ കൊണ്ടു വരികയും അവർക്കുവേണ്ടി പ്രത്യേക കുർബ്ബാന അർപ്പിക്കുകയും കുരുത്തോല നല്കുകയും വികാരിച്ചന്റെ സന്ദേശം കൊടുക്കുകയും, ശേഷം ഉച്ചഭക്ഷണം നല്കി അവരുടെ വീടുകളിൽ എത്തിക്കുകയും ചെയ്തു.



## ഇടവദിനം

2019 ഡിസംബറിലെ ഇടവകദിന ആഘോഷത്തിനുശേഷം മൂന്നു വർഷത്തെ ഇടവേള കഴിഞ്ഞ് 2023 ഏപ്രിൽ 23ന് വീണ്ടു ഒരു ഇടവകദിനം ആഘോഷത്തിന് ഒരുങ്ങുകയാണ്. മരിയനാദം പാരിഷ് ബുള്ളറ്റിന്റെ എല്ലാവിധ ആശംസകളും നേരുന്നു.

പത്രാധിപസമിതി

**ഏവർക്കും**

**മരിയദാനം പത്രാധിപസമിതിയുടെ**

# ഈസ്റ്റർ ആശംസകൾ

# വി. ഗീവർഗ്ഗീസ്

**-ഡെയ്സി അന്തപ്പൻ**
സെന്റ് മേരീസ് യൂണിറ്റ്

ടർക്കിയിലെ കപ്പതോക്ക്യായിലെ കുലീനകുടുംബത്തിൽ എ.ഡി. 269-ൽ ആണ് വിശുദ്ധ ഗീവർഗ്ഗീസിന്റെ ജനനം. നന്നേ ചെറുപ്പത്തിലെ പിതാവ് മരിച്ചു. പിന്നീട് അമ്മെയോടൊപ്പം പലസ്തീനായിൽ താമസമാക്കി. അരോഗദൃഢഗാത്രനായിരുന്ന ഗീവർഗ്ഗീസ് ഒരു ഉന്നത സൈനീകോദ്യോഗസ്ഥനായിരുന്നു. ഉദ്യോഗത്തിനിടയിൽ വേഷപ്രച്ഛന്നനായി സഞ്ചരിക്കുന്ന സമയത്ത് ലിസിയ എന്ന ദേശത്ത് വലിയ വിപത്ത് വന്നുപെട്ടു. ഡ്രാഗൺ ഗോര എന്നൊരു ഉഗ്രസർപ്പം അന്നാട്ടിലെ മനുഷ്യരെയും മൃഗങ്ങളെയും കൊന്നൊടുക്കാൻ തുടങ്ങി. ഭയന്നുവിറച്ച ജനങ്ങൾക്ക് പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയിൽ അവർ സഭ കൂടി ഇപ്രകാരം തീരുമാനിച്ചു. ഓരോ ദിവസവും നറുക്കിട്ടു കിട്ടുന്ന ഒരു മനുഷ്യനെ ഉഗ്രസർപ്പത്തിന്റെ ഗുഹാമുഖത്ത് എത്തിക്കുക. രാത്രിയിൽ സർപ്പം തന്റെ മുന്നിൽ കാണുന്ന ഇരയെ ഭക്ഷിച്ച് തൃപ്തിയടയും. അങ്ങനെ ഒരിക്കൽ നറുക്കുവീണത് രാജാവിന്റെ ഏക മകൾക്കായിരുന്നു. രാജകുമാരിയെ കൈകാലുകൾ ബന്ധിച്ച് ഗുഹാമുഖത്തെത്തിച്ചു. സൈനികനായിരുന്ന ഗീവർഗ്ഗീസ് വേഷപ്രച്ഛന്നനായി നാടുചുറ്റുന്നതിനിടയിൽ പേടിച്ചരണ്ട് ഗുഹയ്ക്കരികിലിരിക്കുന്ന കന്യകയെ കാണാനിടയായി. കാര്യം ആരാഞ്ഞ ഗീവർഗ്ഗീസ് സർപ്പത്തിന്റെ വരവും കാത്തുനിന്നു. ഗുഹാമുഖത്ത് എത്തിയ സർപ്പം ഗീവർഗ്ഗീസിന്റെ നേരെ പാഞ്ഞടുത്തു. തന്റെ മേൽ പിടിമുറുക്കി വാപിളർന്നുവന്ന സർപ്പത്തെ കുരിശടയാളം വരച്ച് കുന്തം വലിച്ചൂരി കുത്തി കീഴ്പ്പെടുത്തുകയും ദൈവശക്തിയിൽ വിശ്വസിച്ച് വാളൂരി സർപ്പത്തെ വെട്ടികൊലപ്പെടുത്തുകയും ചെയ്തു. അങ്ങനെ ആ രാജ്യത്തെ വലിയ വിപത്തിൽ നിന്നു രക്ഷിച്ച ഗീവർഗ്ഗീസിന് സമ്മാനമായി രാജാവ് ഉന്നതപദവികളും സമ്മാനങ്ങളും വാഗ്ദാനം ചെയ്തു. എന്നാൽ ഇവയെല്ലാം നിരസിച്ച അദ്ദേഹം രാജ്യം വിട്ട് പോകുകയാണ് ഉണ്ടായത്.

# ബൈബിൾ ക്വിസ് 2023 മാർച്ച്

**പാഠ്യഭാഗം – ഏശയ്യ 1–12**

1. സമുദ്രം ജലം കൊണ്ടെന്നപോലെ.........ജ്ഞാനം കൊണ്ട് നിറയും. ഉദ്ധരിച്ച് അധ്യായവും വാക്യവും എഴുതുക?
2. കൊടുങ്കാറ്റിലും മഴയിലും അഭയമായിരിക്കുന്നത് എന്ത്?
3. ഏശയ്യായുടെ പിതാവ്?
4. ഏത് ജനതയോടാണ് ദൈവത്തിന്റെ പ്രബോധനങ്ങൾ ശ്രദ്ധിക്കുവാൻ ഏശയ്യ പ്രവാചകൻ പറയുന്നത് ?
5. നീതിനിഷ്ഠനായ രാജാവ് ഭൂമിയെ പ്രഹരിക്കുന്നത് എങ്ങനെ?
6. ഫലകത്തിൽ എന്ത് ആലേഖനം ചെയ്യാനാണ് കർത്താവ് അരുളിചെയ്തത്?
7. നീചൻ കോട്ടയ്ക്കെതിരേ ചീറിയടിക്കുന്ന .......... പോലെയാണ്.
8. സിയോൻ എന്തുകൊണ്ടാണ് വീണ്ടെടുക്കപ്പെടുന്നത്?
9. കർത്താവിന്റെ മഹത്വം........അഭയമായിരിക്കും. ഉദ്ധരിച്ച് അധ്യായം വാക്യം എഴുതുക.
10. എന്തുകൊണ്ടാണ് അകൃത്യത്തെ വലിച്ചിഴയ്ക്കുന്നത്?

## മാർച്ച് - ശരിയുത്തരം

1. പിതാവിനെ സന്തോഷിപ്പിക്കും
2. നന്മ
3. യുവാവ്
4. കീർത്തി
5. ക്രോധം
6. അപവാദത്തിന്റെ
7. ചന്ദ്രനെപ്പോലെ
8. തന്റെ മേൽ തന്നെ
9. ആയുസ്സും
10. അടിമയുടെ

## ശരിയുത്തരം അയച്ചവർ - മാർച്ച്

| | | |
|---|---|---|
| 1. | ജിസ്മി | സെന്റ് പീറ്റർ |
| 2. | അപർണ്ണ | ലിറ്റിൽ ഫ്ളവർ |
| 3. | ജോസ്ഫീന ജോയ് | സെന്റ് മേരീസ് |
| 4. | ഷേർളി ലോറൻസ് | സെന്റ് മേരീസ് |
| 5. | മേഴ്സി ജെസിന്റോ | സെന്റ് തോമസ് |
| 6. | സിസിലി അബ്രാഹം | സെന്റ് ജോസഫ് |
| 7. | ഡെയ്സി അന്തപ്പൻ | സെന്റ് മേരീസ് |
| 8. | ജിൻസി | ലിറ്റിൽ ഫ്ളവർ |
| 9. | ബബിത ജോഷി | ലിറ്റിൽ ഫ്ളവർ |

**നറുക്കെടുപ്പിലൂടെ വിജയിയായത്**

**ജിൻസി - ലിറ്റിൽ ഫ്ളവർ യൂണിറ്റ്**



മാർച്ച് മാസം
ചായമിടൽ മത്സരത്തിൽ
വിജയിയായത്

**അന്ന മരിയ കെ.എസ്.**
ഹോളി ഫാമിലി യൂണിറ്റ്

# ഞങ്ങൾ യാത്രയായി

| റജി. നമ്പർ / മരണ തീയ്യതി | പേര്, വിലാസം |
|---|---|
| 04/2023<br>08/03/2023 | കരേരക്കാട്ടിൽ പൊറിഞ്ചു ഭാര്യ മേരി (85)<br>(സെന്റ് ജോസഫ് യൂണിറ്റ്) |
| 05/2023<br>25/03/2023 | നായങ്കര കൊച്ചാപ്പു ലൂവീസ് (84)<br>(സെന്റ് ആന്റണീസ്) |

# ഇടവകയിലേക്ക് വന്നവർ

| | |
|---|---|
| 10/2022 | വട്ടത്തറ ചെറിയാൻ മകൻ ജോർജ് ചെറിയാൻ & ഫാമിലി<br>(സെന്റ് ജോസഫ്സ് യൂണിറ്റ്) |
| 28/02/2023 | അറയ്ക്കപ്പാടൻ ബേബി ഇഗ്നേഷ്യസ് & ഫാമിലി<br>(സെന്റ് പീറ്റർ യൂണിറ്റ്) |

# ഇടവകയിൽ നിന്നും മാറി പോയവർ

| | |
|---|---|
| 02/2023<br>05/03/2023 | തരൂക്കര ദേവസി ജോയ് (സെന്റ് പോൾസ് യൂണിറ്റ്) - എറവ് ഇടവകയിലേക്ക് |
| 03/2023<br>25/03/2023 | കടംബുംകരി ജെയിംസ് മകൻ പ്രകാശ് (സെന്റ് അൽഫോൻസ) - ചിയ്യാരം സേവനാലയം ഇടവകയിലേക്ക് |

**എല്ലാ മാസവും 20 - ാം തിയ്യതിക്കു മുമ്പായി**
**മരിയനാദം ബുള്ളറ്റിനിലേയ്ക്ക് മതബോധനം, കേന്ദ്രസമിതി വാർത്തകൾ, യൂണിറ്റ് വാർത്തകൾ പ്രതിനിധി വാർത്തകൾ, ലേഖനങ്ങൾ, കഥകൾ, കവിതകൾ, മറ്റു വാർത്തകൾ നൽകേണ്ടതാണ്**

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് മാർച്ച് 20-ാം തിയ്യതിക്കു
മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.

**ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.**
**(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)**




FLAGSHIP STORES: MAIN ROAD, CHAVAKKAD | NEAR VADAKKE STAND, THRISSUR
+91 94478 57788, +91 96453 88881 ttdevassyjewellers.com ttdevassyjewellers




Ocean
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

nirmala hiprint Ph : 0487 2387393